# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കുമ്പള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം കെ എസ് എ/കെ എസ് .ഡി6/643/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 07/10/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പള ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം കെ എസ് എ/കെ എസ് .ഡി6/643/2021 തീയ്യതി: 07/10/2021

## കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയരക്ടര് | 08-09-2021 | 23-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 23-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ജയാനന്ദ.എച്ച് (ഓഡിറ്റ് ഓഫീസർ)
വിനീത് കുമാർ കെ.പി. (ഓഡിറ്റ് ഓഫീസർ)
രഘുനാഥൻ.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ബാബു എം.(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ബിന്ദു.വി.വി. (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പുണ്ടരികാക്ഷ കെ.എൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ജയൻ .പി | സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ .ഡി.എൻ.പ്രമോദ് | സെക്രട്ടറി | 24-07-2019 | 06-08-2019 |
| ശ്രീ.ബാബു എം | സെക്രട്ടറി | 07-08-2019 | 28-02-2020 |
| ശ്രീ.ദിപീഷ് പി.ടി(അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദിപീഷ് പി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ചഞ്ചല | കൃഷി ഓഫീസർ | 01-04-2019 | 26-11-2019 |
| നാണുക്കുട്ടന് | കൃഷി ഓഫീസർ | 27-11-2019 | 31-03-2020 |
| ഡോ.സക്കിറലി | മെഡിക്കൽ ഓഫീസർ യുനാനി | 01-04-2019 | 31-03-2020 |
| ഡോ.മഹേഷ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.സുബ്ബ ഗട്ടി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 31-03-2020 |
| രാമചന്ദ്ര ഭട്ട് | പ്രധാനധ്യാപകൻ | 01-04-2019 | 31-03-2020 |
| പ്രിയ .പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 15-07-2019 |
| ജിഷി ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 16-07-2019 | 24-09-2019 |
| ജാസിം എം.സി(EMPLOYMENT) | അസിസ്റ്റന്റ് എഞ്ചിനിയർ | 25-09-2019 | 31-03-2020 |
| അനിൽ കുമാര് | ഫിഷരീഷ് എക്സ്റ്റെൻഷൻ | 01-04-2019 | 31-05-2019 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ജിജോ | ഫിഷരീഷ് എക്സ്റ്റെൻഷൻ ഓഫീസർ | 01-06-2019 | 31-03-2020 |
| ശ്യാം | വെറ്ററിനറി സർജ്ജൻ | 01-04-2019 | 04-12-2019 |
| സുജിത് | വെറ്ററിനറി സർജ്ജൻ | 05-12-2019 | 31-01-2020 |
| അതുൽ | വെറ്ററിനറി സർജ്ജൻ | 01-02-2020 | 31-03-2020 |
| നളിനി | ൈഎ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 06-06-2019 |
| മണിയമ്മ | ൈഎ സി ഡി എസ് സൂപ്പർവൈസർ | 07-06-2019 | 31-03-2020 |
| മുസ്തഫ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുമ്പള സർക്കിൾ) | 01-04-2019 | 20-06-2019 |
| ആര്യ പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കുമ്പള സർക്കിൾ ചാർജ്) | 21-06-2019 | 30-09-2019 |
| ശൈലേഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 01-10-2019 | 31-03-2020 |
| ആര്യ പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ബംബ്രാണ സർക്കിൾ) | 01-04-2019 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2 |
| 3 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-1 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-2 |
| 5 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല<br>Written By: Jayananda. H (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-3 |
| 6 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-4 |
| 7 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-5 |
| 8 | KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-6 |
| 9 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-7 |
| 10 | ക്യാഷ് ബുക്ക്<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-2-8 |
| 11 | ഗുണഭോക്തൃവിഹിതത്തിൽ നീക്കിബാക്കിയുണ്ട്<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: Jayananda. H (Audit Officer, On 23-09-2021) | 1-2-9 |
| 12 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 12-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-3 |
| 13 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 13-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-10-2021) | 1-4 |
| 14 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 12-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-6 |

| | | |
|---|---|---|
| 16 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Babu M (Senior Grade Auditor, On 12-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindu.V.V (Auditor, On 12-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-9 |
| 19 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 13-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-10 |
| 20 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Bindu.V.V (Auditor, On 23-09-2021)<br>Last Updated By: Jayananda. H (Audit Officer, On 05-10-2021) | 1-11 |
| 21 | ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റുകൾ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെക്കാതെ ഫണ്ട് ലാപ്സായി<br>Written By: Raghunadhan. K (Asst. Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-12 |
| 22 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല<br>Written By: Bindu.V.V (Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-13 |
| 23 | വാടക പൂർണമായും പിരിച്ചെടുത്തിട്ടില്ല<br>Written By: Bindu.V.V (Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-14 |
| 24 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-15 |
| 25 | അംഗൻവാടികൾക്ക് പാത്രങ്ങൾ  വാങ്ങി നൽകൽ - അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-16 |
| 26 | പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-17 |
| 27 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-18 |
| 28 | സ്കൂളുകൾക്ക് ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ വാങ്ങൽ -മുഴുവനും വിതരമം ചെയ്തില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-19 |
| 29 | സ്മാർട്ട് ക്ലാസ്സ് റൂം - നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-10-2021) | 1-20 |
| 30 | കൊടിയമ്മ സ്കൂളിലെ യു.പി.വിഭാഗത്തിൽ ഹൈ-ടെക്ക് ക്ലാസ്സ് റൂം - നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-21 |
| 31 | ചെലവു രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 1-22 |

| | | |
|---|---|---|
| | Written By: Bindu.V.V (Auditor, On 21-09-2021)<br>Last Updated By: Jayananda. H (Audit Officer, On 05-10-2021) | |
| 32 | വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 21-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-23 |
| 33 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 21-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-24 |
| 34 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.<br>Written By: Bindu.V.V (Auditor, On 21-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-25 |
| 35 | രശീത് വരവ് - അപാകതകൾ<br>Written By: Bindu.V.V (Auditor, On 21-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-26 |
| 36 | പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-27 |
| 37 | പട്ടികവർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - നടപ്പിലാക്കിയതിലെ അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 06-10-2021) | 1-28 |
| 38 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-29 |
| 39 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-30 |
| 40 | ബാലസഭ -രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-31 |
| 41 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും(മൈങ്കടൽ),മാറ്റി സ്ഥാപിക്കലും(കൊടിയമ്മ)- രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-32 |
| 42 | കുമ്പള ബസ് സ്റ്റാന്റിന്റെ എതിർവശത്ത് 400 വാട്സിന്റെ 8 LED ലൈറ്റ് സ്ഥാപിക്കൽ- രേഖകൾ ഹാജരാക്കിയില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 01-10-2021) | 1-33 |
| 43 | ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-34 |
| 44 | തീരദേശ സ്ട്രീറ്റ് ലൈറ്റ് ലൈനിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-35 |
| 45 | വിവിധ ഇടങ്ങളിൽ LED മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-36 |

| | | |
|---|---|---|
| | Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | |
| 46 | പുതിയ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ വലിക്കൽ & ഓട്ടോമാറ്റിക്ക് കൺ ട്രോൾ പാനൽ സ്ഥാപിക്കൽ - പദ്ധതി ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-37 |
| 47 | കുട്ടികളുടെ പാർക്ക് (കൊടിയമ്മ) - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-38 |
| 48 | മൊഗ്രാൽ യുനാനി ആശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ -ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-39 |
| 49 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് UPS വാങ്ങൽ - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-40 |
| 50 | ക്യാഷ് ബുക്ക് ഹാജരാക്കിയില്ല<br>Written By: Bindu.V.V (Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-41 |
| 51 | കാർഷികമേഖലയിലെ പദ്ധതി നിർവ്വഹണം- പൊതു അപാകതകൾ<br>Written By: Vineeth Kumar K.P (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-42 |
| 52 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-43 |
| 53 | ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-44 |
| 54 | ലൈസൻസ് പൊതു അപാകതകൾ<br>Written By: Bindu.V.V (Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-45 |
| 55 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-46 |
| 56 | അസി.എൻജിനിയറുടെ ഫയലുകൾ അപൂർണ്ണം.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 1-47 |
| 57 | അസിസ്റ്റന്റ് എഞ്ചിനീയർ - പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-10-2021) | 1-48 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 12-09-2021)<br>Last Updated By: Jayananda. H (Audit Officer, On 05-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 12-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 11-09-2021)<br>Last Updated By: Jayananda. H (Audit Officer, On 11-09-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 12-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 12-09-2021)<br>Last Updated By: Jayananda. H (Audit Officer, On 12-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 12-09-2021)<br>Last Updated By: Jayananda. H (Audit Officer, On 12-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayananda. H (Audit Officer, On 14-09-2021)<br>Last Updated By: Jayananda. H (Audit Officer, On 14-09-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 02-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 12-09-2021)<br>Last Updated By: Jayananda. H (Audit Officer, On 05-10-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 14-09-2021)<br>Last Updated By: Priyesh M.K (Computer Assistant, On 07-10-2021) | 4-11 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2019-20 |
| 4 | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2019-20 |
| 5 | 31.03.2020 ലെ ബാലൻസ് ഷീറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/2/2019 തീയതി 20-12-2019 | 1/1/2020 തീയതി 31-03-2020 |
| മുന്നിരിപ്പ് | 68,62,975 | 1,30,12,136 |
| വരവ് | 18,76,59,960 | 25,86,30,231 |
| ആകെ | 19,45,22,935 | 27,16,42,367 |
| ചെലവ് | 19,23,41,006 | 26,52,19,482 |
| നീക്കിയിരിപ്പ് | 21,81,929 | 64,22,885 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

### 1-2-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

312100101- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന കണക്കിലേക്ക് വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 19,30,717/- രൂപയും റോഡ് ഫണ്ടിൽ നിന്നും 12,91,454 രൂപയും നോൺ റോഡ് ഫണ്ടിൽ നിന്നും 18,18,459/- രൂപയും എസ്.സി.പി. ഫണ്ടിൽ നിന്നും 3,58,365/- രൂപയും ടി.എസ്.പി. ഫണ്ടിൽ നിന്നും 1,67,500/- രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 39,23,068/- രൂപയും തൻ വർഷം മാറ്റിയിട്ടുണ്ട്. ഇത് കണക്കാക്കിയതിന്റെ സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ ഇല്ല.

### 1-2-3 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന നടത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-2-4 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/ 2008 / ത.സ്വ.ഭ.വ. പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തനത് വരുമാനം എസ്.ബി.ഐ. കുമ്പള , ഇ Sand, ജില്ലാ സഹകരണ ബാങ്കിലും, കേരള ഗ്രാമീൺ ബാങ്കിലും, കുമ്പള സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ്.ബി.ഐ. ബാങ്കിലും അക്കൗണ്ട് സൂക്ഷിക്കുന്നു.

## 1-2-5 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ

1) 31.03.2020 ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. പൊരുത്തപ്പെടുത്താനാവുന്ന വിധം നീക്കിയിരുപ്പ് തുക പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി - 9 ( 350800101 ) Liability In Respect Of Stale Cheques - ഹെഡിലെ 37201/- രൂപയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

3) ബാലൻസ് ഷീറ്റിലെ ബി 9 പത്രിക പ്രകാരം 350410101 നമ്പർ ശീർഷകത്തിൽ വസ്തുനികുതി മുൻകൂർ ഇനത്തിൽ 2,00,545/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഏതെല്ലാം ഡിമാന്റുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്ന വിവരം സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡിമാന്റ് ഇല്ലാത്തവർക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ചും സ്ഥാപനത്തിൽ രേഖകളില്ല.

4) ഇ-ടെണ്ടർ ഫോറ ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

10) വാർഷിക കണക്കിലെ ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 374226/- രൂപ, 1550/- രൂപ എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതി നാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

11) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 13,12,055/- രൂപ ഉണ്ട്. ആയത് പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-2-6 KURDFC ലോണിന്റെ കണക്കുകളിൽ പൊരുത്തക്കേടുകൾ

31.03.2020 ലെ ബാലൻസ് ഷീറ്റിൽ 330500201 – Secured Loan – Loan From KURDFC എന്ന ഹെഡിൽ 1,46,65,882/- രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ KURDFC ലോൺ രജിസ്റ്റർ പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പില്ല.

## 1-2-7 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101-പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹12,82,784/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

## 1-2-8 ക്യാഷ് ബുക്ക്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 5 (4) പ്രകാരം സെക്രട്ടറി ക്യാഷ് ബുക്ക് ദിനം പ്രതി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ക്യാഷ് ബുക്ക് ദിവസേന പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-2-9 ഗുണഭോക്തൃവിഹിതത്തിൽ നീക്കിബാക്കിയുണ്ട്

വാർഷിക കണക്കിലെ B4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമായി 3,66,360/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2019-20 |
| മുന്നിരിപ്പ് | 2,52,93,837.64 |
| വരവ് (*) | 13,12,50,308 |
| ആകെ | 15,65,44,145.64 |
| ചെലവ് (#) | 13,17,27,536 |
| നീക്കിയിരിപ്പ് | 2,48,16,609.64 |

(*) റസീറ്റ് ആന്റ് പേമെന്റ് പട്ടികയിലെ വരവ് തുകയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 1,84,46,157 രൂപയും സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 2,77,39,400 രൂപയും ഉൾപ്പെടുന്നു.

(#) റസീറ്റ് ആന്റ് പേമെന്റ് പട്ടികയിലെ ചെലവ് തുകയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 1,84,46,157 രൂപയും സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 2,77,39,400 രൂപയും ഉൾപ്പെടുന്നു.

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത / ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 1,95,57,072 | 1,95,57,072 | 1,74,00,920 | 21,56,152 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 13,35,028 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 10 ബില്ലുകളിലായി 17,64,059രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് എസ്.സി.പി. | 0 | 64,65,294 | 64,65,294 | 28,21,378 | 36,43,916 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജ ക്റ്റിനായി കുറവ് ചെയ്ത തുകയായ 14,706 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 6 ബില്ലുകളിലായി 11,81,105രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 7,52,000 | 7,52,000 | 2,19,820 | 5,32,180 | പട്ടികയിലെ ചെലവു തുക കൂടാതെ ഒരു ബില്ലി ലായി 1,67,500 രൂപയുടെ ബിൽ ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് | 0 | 76,50,000 | 76,50,000 | 37,60,947 | 38,89,053 | പട്ടികയിലെ ചെലവു തുക കൂടാതെ 2 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | ബില്ലുകളിലായി 12,88,693 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 42,81,400 | 42,81,400 | 38,97,055 | 3,84,345 | പട്ടികയിലെ ചെലവു തുക കൂടാതെ 9 ബില്ലുകളിലായി 15,16,259 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,66,58,106 | 1,66,58,106 | 99,33,038 | 67,25,068 | പട്ടികയിലെ ചെലവു തുക കൂടാതെ 13 ബില്ലുകളിലായി 54,55,663 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 4,87,486 | 1,98,93,242 | 2,03,80,728 | 1,89,07,574 | 14,73,154 | |
| സമ്പൂർണ ശുചിത്വ പദ്ധതി | 84,574 | 0 | 84,574 | 0 | 84,574 | |
| ഐ.സി.ഡി.എസ്. | 24,61,107 | 4,59,082 | 29,20,189 | 7,30,031 | 21,90,158 | |
| NPRPD | 7,80,000 | 0 | 7,80,000 | 0 | 7,80,000 | |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 28,60,735 | 0 | 28,60,735 | 1,44,000 | 27,16,735 | |
| ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 10,50,000 | 0 | 10,50,000 | 0 | 10,50,000 | |

| | | | | | | |
|---|---|---|---|---|---|---|
| നെൽകൃഷി ഉല്പാദന ബോണസ് | 0 | 1,45,000 | 1,45,000 | 1,45,000 | 0 | |
| നൂറ് തൊഴിൽ ദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 4,59,000 | 4,59,000 | 4,59,000 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 75,48,694 | 75,48,694 | 75,48,694 | 0 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 342 | 19,18,13,216 | 142 | 6,18,73,637 | ഇല്ല | 200 | 41.52 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 41 | 1,81,48,109 | 19 | 61,56,131 | 33.92 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 222 | 8,02,45,652 | 61 | 2,00,75,187 | 25 |
| 3 | കൃഷി ഓഫീസർ | 8 | 56,88,882 | 6 | 26,79,204 | 47 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 6,57,87,667 | 11 | 1,83,55,767 | 28 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 99,50,785 | 9 | 83,39,276 | 83.80 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വെറ്ററിനറി സർജ്ജൻ | 5 | 23,27,440 | 4 | 4,39,638 | 18.88 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 1,00,000 | 1 | 1,00,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 10 | 16,00,681 | 8 | 8,04,991 | 50.29 |
| 9 | മെഡിക്കൽ ഓഫീസർ യുനാനി | 5 | 19,14,000 | 5 | 15,50,545 | 81 |
| 10 | പ്രധാനാധ്യാപകൻ | 14 | 38,20,000 | 12 | 27,76,152 | 72.67 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 16,88,000 | 5 | 4,99,570 | 29.59 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 5,42,000 | 1 | 97,176 | 18 |
| | ആകെ | 342 | 19,18,13,216 | 142 | 6,18,73,637 | 32.25 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 4,87,486 | 14,47,085 | 19,34,571 | 4,61,417 | 14,73,154 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,84,46,157 | 1,84,46,157 | 1,84,46,157 | 0 |
| ആകെ | 4,87,486 | 1,98,93,242 | 2,03,80,728 | 1,89,07,574 | 14,73,154 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 1069 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 25,54,55,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,92,19,136 രൂപയുടെ 144 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 58,053 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 459 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19,200 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 3,09,600 | 51 |
| വിധവാപെൻഷൻ | 1,17,02,400 | 1428 |
| വാർദ്ധക്യകാലപെൻഷൻ | 1,22,09,400 | 2192 |
| വികലാംഗപെൻഷൻ | 34,04,000 | 575 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,14,000 | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 12,00,000 | 40 |

| വിവാഹ ധനസഹായം | | |
|---|---|---|

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-09-2021 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 15,545/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 (ഒഴിവ് ഒന്ന്) |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾടൈം സ്വീപ്പർ | 4 (ഒഴിവ് 2 എണ്ണം) |
| 9 | ഫുൾടൈം നേഴ്സറി ടീച്ചർ | 1 |
| 10 | പാർടൈം നേഴ്സറി ആയ | 1 |

**പേഴ്സണൽ രജിസ്റ്റർ-**

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപ്പാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും

പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്. ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക് അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.
ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 42 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 18 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.
അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.
സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.
വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡി.കളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.
വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട് . ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 30-10-19, 24-02-20, 06-03-20 മൂന്ന് തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റിക്കൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.
ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ

സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പുപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-07-2021 മുതൽ 28-07-2021 വരെ | 03/2021 മുതൽ 06/2021 വരെ | 09-09-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-04-2018 മുതൽ 23-04-2018 വരെ | 2013-14 മുതൽ 2017-18 വരെ | 07-09-2018 |

## 1-11 തൊഴിൽ നികുതി - അപാകതകൾ

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അർദ്ധവാർഷിക പത്രികകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | കാസറഗോഡ് പബ്ലിക് സെർവന്റ്സ് സോസൈറ്റി, കുമ്പള | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ശ്രീകൃഷ്ണ ക്ലിനിക് | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ദീപക് ഓട്ടോമൊബൈൽസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 4 | വനിത സൊസൈറ്റി, കുമ്പള | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്കൂൾ | രണ്ടാം അർദ്ധ വർഷം |
| 6 | എസ്സാ ഇംഗ്ലീഷ് സെക്കന്ററി സ്കൂൾ | രണ്ടാം അർദ്ധ വർഷം |
| 7 | ലിറ്റിൽ ലില്ലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധ വർഷം |
| 8 | MGNREGA സ്റ്റാഫ്, കുമ്പള ഗ്രാമപഞ്ചായത്ത് | രണ്ടാം അർദ്ധ വർഷം |
| | | രണ്ടാം അർദ്ധ |

| | | |
|---|---|---|
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | വർഷം |
| 10 | സി.എച്ച്.സി. കുമ്പള | രണ്ടാം അർദ്ധ വർഷം |
| 11 | ശ്രീ.ഗോപാലകൃഷ്ണ ടെമ്പിൾ | രണ്ടാം അർദ്ധ വർഷം |
| 12 | രചന കൺസ്ട്രക്ഷൻസ് | രണ്ടാം അർദ്ധ വർഷം |
| 13 | മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ | രണ്ടാം അർദ്ധ വർഷം |
| 14 | മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 15 | ശ്യാംരാജ് ക്ലിനിക് | രണ്ടാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

<u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2019-20 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അർദ്ധവാർഷിക പത്രികകളും പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കിയതായി കണ്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | കാസറഗോഡ് കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 3 | കാസറഗോഡ് പബ്ലിക് സെർവന്റ്സ് സൊസൈറ്റി, കുമ്പള | ഒന്നും രണ്ടും അർദ്ധ വർഷം |

<u>സംഗ്രഹം എഴുതിയിട്ടില്ല</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഓരോ വർഷത്തെയും രേഖപ്പെടുത്തലിനു ശേഷം അതാത് വർഷത്തെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ അടങ്ങിയ സംഗ്രഹം എഴുതേണ്ടതുണ്ട് . എന്നാൽ 2019-20 വർഷത്തിൽ സംഗ്രഹം എഴുതിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.25/20.09.2021)

## <u>1-12 ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റുകൾ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെക്കാതെ ഫണ്ട് ലാപ്സായി</u>

കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് അലോട്ട്മെന്റായി ആകെ ലഭിച്ച തുക 1,81,81,252/- രൂപയാണ്. ഈ തുകയിൽനിന്ന് തൻവർഷം 75,48,694/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 11,11,19,749 /- (വിടവ് നികത്തൽ വരുമാനം ശേഖരണം പ്രോത്സാഹനം ബൊണസ് 4,87,191 ഉൾപ്പെടെ) ഫണ്ട് ലാപ്സായി. വിശദ വിവരം ചുവടെ നൽകുന്നു.

| ക്രമ നം | ഫണ്ട് | ഗഡു | അലോട്ട്മെന്റ് നം | തുക | തിയ്യതി |
|---|---|---|---|---|---|
| 1 | ജനറൽ പർപ്പസ് (TFF) | 6 | G.O. (Rt.)No.7063/19/Fin | 15,09,558 | 02/09/2019 |
| 2 | ടി | 7 | G.O. | 15,20,500 | 01/10/2019 |

| | | | | | |
|---|---|---|---|---|---|
| | | | (Rt.)No.7789/19/Fin | | |
| 3 | ടി | 8 | G.O. (Rt.)No.8633/19/Fin | 15,20,500 | 01/11/19 |
| 4 | ടി | 9 | G.O. (Rt.)No.9489/19/Fin | 15,20,500 | 02/12/19 |
| 5 | ടി | 10 | G.O. (Rt.)No.91/20/Fin | 15,20,500 | 03/01/20 |
| 6 | ടി | 11 | G.O. (Rt.)No.887/20/Fin | 15,20,500 | 31/01/20 |
| 7 | ടി | 12 | G.O. (Rt.)No.2480/20/Fin | 15,20,500 | 25/03/20 |
| 8 | വിടവ് നികത്തൽ വരുമാനം ശേഖരണം പ്രോത്സാഹനം ബൊണസ് | | G.O. (M.S.)2249/20/Fin | 4,87,191 | 18/03/20 |
| | | ആകെ | | 1,11,19,749 | |

ഫണ്ട് ലാപ്സായതിന് വിശദീകരണം നൽകേണ്ടതാണ്.

**<u>1-13 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200 (2) പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം. 27 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം. 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് (Code No 230100101) | 26,84,423 |
| വാട്ടർ ചാർജ്ജ് (Code No 230110102) | 54,712 |
| ആകെ | 27,39,135 |

ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-14 വാടക പൂർണമായും പിരിച്ചെടുത്തിട്ടില്ല

കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ എല്ലാ വാടകക്കാരിൽ നിന്നും വാടക പിരിച്ചെടുത്തിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസ വാടക | ജി.എസ്.ടി. | ആകെ | ഒരു വർഷ ത്തേക്ക് ആകെ വാടക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 23/1345 | അശോക റൈ | 7140 | 1286 | 8426 | 1,01,112 | 0 | 1,01,112 |
| | ആകെ | | | | | | | 1,01,112 |

വാടക കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-15 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം. 244/19-20

അടങ്കൽ - 4,62,000/- രൂപ (പ്ലാൻ ജനറൽ) + 3,250/-രൂപ (തനത് ഫണ്ട്)

ചെലവ് - 4,62,000/- രൂപ (പ്ലാൻ ജനറൽ), തനത് ഫണ്ട് ചെലവ് ഇല്ല.

ബിൽ നം.01/19-20/8.5.2019 – 4,62,000/-രൂപ

കുമ്പള ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2018-19 വർഷത്തിൽ രൂപം കൊടുത്ത പദ്ധതി സ്പിൽ ഓവർ ആയി 2019-20 വർഷത്തിൽ പൂർത്തീകരിക്കുകയായിരുന്നു. 20.2.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം നം. (2/19) പ്രകാരം സിഡ്കോ വഴി നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. 28.2.2019 ന് സിഡ്കോ കാസറഗോഡിന് സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം. KSGD/18-19/191/ തിയ്യതി 26.3.2019 പ്രകാരം സിഡ്കോ 107 കട്ടിലുകൾ വിതരണം ചെയ്തു. ബിൽ നം.01/19-20/8.5.2019 പ്രകാരം 4,62,000/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി ( അക്കൗണ്ട് നം.57053702971/ എസ്.ബി.ഐ. കാസറഗോഡ്).

ഈ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. 20.2.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം നം. (2/19) പ്രകാരം സിഡ്കോ യിൽ നിന്നും നേരിട്ട് വാങ്ങാൻ തീരുമാനിച്ചതിന് സിഡ്കോ കട്ടിൽ, വില എന്നിവ ഉൾപ്പെടുന്ന പ്രൊഫോർമ ഇൻവോയ്സ് സമർപ്പിച്ചത്, ഇതിന് ഭരണസമിതി അംഗീകാരം നൽകിയത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. കരാർ ഹാജരാക്കിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല, കരാർ നമ്പർ, തിയ്യതി എന്നിവയും രേഖപ്പെടുത്തിയിട്ടില്ല.

3. തുക നൽകുമ്പോൾ ഉറവിടത്തിൽ നിന്നും 2% ആദായനികുതി, 1% SGST, 1% CGST എന്നിവ കിഴിവ് നടത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.10/15.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് 17.2.2021 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയോടൊപ്പം ഭരണസമിതി അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ച കരാർ ഹാജരാക്കിയിട്ടില്ല. കൂടാതെ ആദായനികുതി, GST എന്നിവ കിഴിവ് നടത്തേണ്ടത് അറിയില്ല എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. മറുപടി തൃപ്തികരമല്ല. രേഖകളെല്ലാം ഹാജരാക്കേണ്ടതാണ്, ബിൽ തുക

നൽകുമ്പോൾ ഈടാക്കാനുള്ള തുകകൾ ഈടാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 4,62,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**1-16 അംഗൻവാടികൾക്ക് പാത്രങ്ങൾ വാങ്ങി നൽകൽ - അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം.0225/19-20

അടങ്കൽ - 3,20,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡ് )

ചെലവ് - 3,19,496/- രൂപ

ബിൽ നം. 02/19-20/8.5.2019 – 3,19,496/-രൂപ

കുമ്പള ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗൻവാടികൾക്ക് പാത്രങ്ങൾ വാങ്ങി നൽകാനുള്ളതാണ് ഈ പ്രൊജക്ട് . 2018-19 വർഷത്തിൽ രൂപം കൊടുത്ത പ്രൊജക്ട് സ്പിൽ ഓവർ ആയി 2019-20 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 22.2.2019 പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും 1.3.2019 ന് തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള സമർപ്പിച്ച കുറഞ്ഞ തുകയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം. (1/19)/ തിയ്യതി 5.3.2019, ഭരണസമിതി തീരുമാനം നം. 2(1) / തിയ്യതി 6.3.2019. ഇൻവോയ്സ് നം. 078/ തിയ്യതി 26.3.2019 പ്രകാരം തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള താഴെപ്പറയും പ്രകാരം സാധനങ്ങൾ വിതരണം ചെയ്തു.

1. സ്റ്റീൽ പ്ലേറ്റ്- 300 ഗ്രാം - 820 എണ്ണം
2. പ്രഷർ കുക്കർ 12 ലിറ്റർ - 5 എണ്ണം
3. പ്രഷർ കുക്കർ 10 ലിറ്റർ - 36 എണ്ണം
4. സ്റ്റീൽ ഗ്ലാസ്സ് - 820 എണ്ണം
5. പ്ലാസ്റ്റിക്ക് ബക്കറ്റ് - 41 എണ്ണം
6. ഫൈബർ കസേര - 82 എണ്ണം

മേൽ പ്രകാരം സാധനങ്ങൾ വിതരണം ചെയ്തതിന് ആകെ 3,19,496/- രൂപ ബിൽ നം.02/ 19-20/ 8.5.2019 പ്രകാരം സ്ഥാപനത്തിന് കൈമാറി ( അക്കൗണ്ട് നം.42652200006033/സിൻഡിക്കേറ്റ് ബാങ്ക്).

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.(1/19)/ തിയ്യതി 5.3.2019, ഭരണസമിതി തീരുമാനം നം.2(1)/ തിയ്യതി 6.3.2019 എന്നിവ പ്രകാരം ടെണ്ടർ അംഗീകരിച്ചതിന് ശേഷം, സപ്ലൈ ഓർഡർ നൽകുന്നതിന് മുമ്പ് സാമ്പിൾ ഹാജരാക്കി പരിശോധന നടത്തിയിരുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. കരാർ ഹാജരാക്കിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല, കരാർ നമ്പർ, തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

3. തുക നൽകുമ്പോൾ ഉറവിടത്തിൽ നിന്നും 2% ആദായനികുതി, 1% SGST, 1% CGST എന്നിവ കിഴിവ് നടത്തേണ്ടതാണ്, പക്ഷെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.11/15.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് 17.2.2021 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയോടൊപ്പം സാമ്പിൾ ഹാജരാക്കി പരിശോധന നടത്തിയിരുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ച കരാർ ഹാജരാക്കിയിട്ടില്ല. കൂടാതെ ആദായനികുതി, GST എന്നിവ കിഴിവ് നടത്തേണ്ടത് അറിയില്ല എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. മറുപടി തൃപ്തികരമല്ല. രേഖകളെല്ലാം ഹാജരാക്കേണ്ടതാണ്, ബിൽ തുക

നൽകുമ്പോൾ ഈടാക്കാനുള്ള തുകകൾ ഈടാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 3,19,496/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**<u>1-17 പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - അപാകതകൾ</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം.0226/19-20

അടങ്കൽ - 3,19,400/-രൂപ (എസ്.സി.പി.)

ചെലവ് - 2,39,221/-രൂപ - ബിൽ നം.03/19-20/8.5.2019 തുക 2,39,221/-രൂപ

കുമ്പള ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടികജാതിയിൽപ്പെടുന്ന 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2018-19 വർഷത്തിൽ രൂപം കൊടുത്ത പദ്ധതി സ്പിൽ ഓവർ ആയി 2019-20 വർഷത്തിൽ പൂർത്തീകരിച്ചു. സിഡ്കോ വഴി നേരിട്ട് വാങ്ങുന്നതിനാണ് തീരുമാനിച്ചത്. 5.3.2019 ന് സിഡ്കോ കാസറഗോഡിന് സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം. 0355/18-19/ തിയ്യതി 28.3.2019 പ്രകാരം സിഡ്കോ 55 കട്ടിലുകൾ വിതരണം ചെയ്തു. ബിൽ നം. 03/19-20/ 8.5.2019 പ്രകാരം 2,39,221/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി (അക്കൗണ്ട് നം.57053702971/എസ്.ബി.ഐ. കാസറഗോഡ്).

ഈ പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയത് പ്രൊക്യൂർമെന്റ്, ഭരണസമിതി അംഗീകാരത്തിന് വിധേയമായിട്ടാണോ എന്നതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. സിഡ്കോ കട്ടിൽ, വില എന്നിവ ഉൾപ്പെടുന്ന പ്രൊഫോർമ ഇൻവോയ്സ് സമർപ്പിച്ചത്, ഇതിന് ഭരണസമിതി അംഗീകാരം നൽകിയത് എന്നിവ ഫയലിൽ ലഭ്യമല്ല.

2. കരാർ ഹാജരാക്കിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല, കരാർ നമ്പർ, തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

3. വിതരണം ചെയ്തതിനും കൈപ്പറ്റിയതിനും 55 പേരുടെ ഒരു പട്ടിക ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. ഇവരുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.12/15.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് 17.2.2021 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയോടൊപ്പം സാമ്പിൾ ഹാജരാക്കി പരിശോധന നടത്തിയതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ച കരാർ ഹാജരാക്കിയിട്ടില്ല. 55 പേരുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മറുപടി തൃപ്തികരമല്ല. രേഖകളെല്ലാം ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 2,39,221/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**<u>1-18 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം.0094/19-20

അടങ്കൽ

1. 5,65,600/-രൂപ - പ്ലാൻ ജനറൽ - ചെലവ് - 5,62,800/-രൂപ

2.4,44,400/-രൂപ – തനത് ഫണ്ട് - ചെലവ് - 4,44,400/-രൂപ

3.1,80,000/-രൂപ - ബ്ലോക്ക് ഷെയർ - ചെലവ് - 1,48,700/-രൂപ

ആകെ അടങ്കൽ - 11,90,000/-രൂപ

ആകെ ചെലവ് - 11,55,900/-രൂപ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (കൈ) നം.22/2018 / ത.സ്വ.ഭ.വ., തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300/- രൂപയും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500/- രൂപയ്ക്ക് വരെയും അർഹതയുണ്ട്.

ഈ മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരായുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2019-20 വർഷം 102 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ മാനസികവെല്ലുവിളികൾ നേരിടുന്നവർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയത്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28,000/- രൂപ നിരക്കിൽ ആകെ 28,56,000/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 102 ഗുണഭോക്താക്കൾ വേണ്ടി 11,90,000/- രൂപ മാത്രം അടങ്കലായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയത്. തുടർ വർഷങ്ങളിൽ മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയത് പ്രകാരം ഭിന്നശേഷിയിൽപ്പെട്ട അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കി മേൽ അപാകത പരിഹരിക്കേണ്ടതാണ്.

**<u>1-19 സ്കൂളുകൾക്ക് ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ വാങ്ങൽ -മുഴുവനും വിതരണം ചെയ്തില്ല</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.0228/2019-20

അടങ്കൽ - 100,000/-രൂപ (MG-നോൺറോഡ്)

ചെലവ് - 1,00,000/- രൂപ

ബിൽ നം.01/2019-20/ 28.4.2019 – 1,00,000/- രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ LP/ UP/ MGLC സ്കൂളുകൾക്ക് ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ വാങ്ങി നൽകാനുള്ളതാണ് ഈ പ്രൊജക്ട് . 2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ പേമെന്റ് ആ വർഷം നൽകാൻ കഴിഞ്ഞില്ല. പിന്നീട് സ്പിൽ ഓവർ ആയി 2019-20 വർഷത്തിൽ പദ്ധതി ഉൾപ്പെടുത്തുകയും പേമെന്റ് നൽകുകയും ചെയ്തു. പദ്ധതി ടെണ്ടർ/ക്വട്ടേഷൻ മുഖാന്തിരമാണ് പ്രവർത്തി നടത്തിയത്. Kottoodal Hardwares കുമ്പള 18.1.2019 ന് സമർപ്പിച്ച 1,08,150/- രൂപയുടെ കുറഞ്ഞ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഈ സ്ഥാപനത്തിന് നൽകി. താഴെപ്പറയുന്ന 3 ഇൻവോയ്സുകൾ പ്രകാരം സ്ഥാപനം പാത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ തുക 1,00,100/-രൂപ.

<u>1).ഇൻവോയ്സ് നം.2613/12.3.2019 – 30,519/-രൂപ</u>

1.കുക്കിംഗ് യൂണിറ്റ് - 40 എണ്ണം

2.ബക്കറ്റ് - 30 എണ്ണം

<u>2).ഇൻവോയ്സ് നം.2627/13.3.2019 – 36,006/-രൂപ</u>

1.കുക്കിംഗ് യൂണിറ്റ് - 65 എണ്ണം

2.ബക്കറ്റ് - 10 എണ്ണം

<u>3).ഇൻവോയ്സ് നം.2630/14.3.2019 – 33,575/-രൂപ</u>

1.കുക്കിംഗ് യൂണിറ്റ് - 67.15കി.ഗ്രാം

ബിൽ നം.01/2019-20/28.4.2019 പ്രകാരം 1,00,000/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തു (അക്കൗണ്ട് നം.201900300000135-വിജയാ ബാങ്ക്, കുമ്പള).

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത പരിഹരിച്ചിട്ടില്ല. ഓഡിറ്റ് പാത്രങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധന നടത്തിയപ്പോൾ കുക്കിംഗ് യൂണിറ്റ് 20 എണ്ണവും ബക്കറ്റ് 40 എണ്ണവും വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 85 കുക്കിംഗ് യൂണിറ്റ്, 67.15 കി.ഗ്രാം കുക്കിംഗ് യൂണിറ്റ് എന്നിവ വിതരണം ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.01/13.09.2021 പ്രകാരം അപാകത അറിയിച്ചതിന് 17.9.2021 ന് ഹെഡ് മാസ്റ്റർ മറുപടി നൽകിയിട്ടുണ്ട്. പക്ഷെ മറുപടി തൃപ്തികരമല്ല. കാരണം ഇൻവോയ്സിൽ എല്ലാം കിലോഗ്രാമിലാണ് രേഖപ്പെടുത്തിയത് എന്നാണ് മറുപടി, പക്ഷെ ഇൻവോയ്സ് നം.2630/14.3.2019 മാത്രമാണ് കിലോഗ്രാമിൽ രേഖപ്പെടുത്തിയത്, ബാക്കി 2 ഇൻവോയ്സിലും എണ്ണമാണ് രേഖപ്പെടുത്തിയത്. വിതരണ രജിസ്റ്ററിലും എണ്ണമാണ് രേഖപ്പെടുത്തിയത്, അതിനാൽ ഇൻവോയ്സ് പ്രകാരം പാത്രങ്ങൾ കൃത്യമായി വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**1-20 സ്മാർട്ട് ക്ലാസ്സ് റൂം - നടപ്പാക്കിയതിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.0229/2019-20

അടങ്കൽ - 5,71,000/-രൂപ (MG-നോൺറോഡ്)

ചെലവ് - 5,60,400/- രൂപ

ബിൽ നം.02/2019-20/29.4.2019 – 2,64,400/- രൂപ

ബിൽ നം.06/2019-20/29.4.2019 – 1,06,000/- രൂപ

ബിൽ നം.07/2019-20/29.4.2019 – 1,90,000/- രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ GSBS കുമ്പളയിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. 2018-19 ൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ പേയ് മെന്റ് ആ വർഷം നൽകാൻ കഴിഞ്ഞില്ല. തുടർന്ന് സ്പിൽ ഓവർ ആയി 2019-20 വർഷത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുകയും പേയ്മെന്റ് നൽകുകയും ചെയ്തു. ഈ പദ്ധതിക്കായി 3 കാര്യങ്ങൾക്ക് 3വ്യത്യസ്ത ടെണ്ടർ / ക്വട്ടേഷൻ ക്ഷണിച്ചാണ് പ്രവൃത്തി നടത്തിയത്.

**1.ബിൽ നം. 02/2019 -20/ 29.4.2019 – 2,64,400/- രൂപ**

സ്മാർട്ട് ക്ലാസ്സ് റൂമിലേക്ക് സൗണ്ട് സിസ്റ്റം തയ്യാറാക്കുന്നതിന് വേണ്ടിയാണ് ഈ തുക ചെലവഴിച്ചത്. വൺ സീറോ ഇൻഫോ സിസ്റ്റംസ് സമർപ്പിച്ച 2,64,400/- രൂപയുടെ ടെണ്ടർ 7.2.2019 ലെ പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ (4) പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തു. വൺ സീറോ ഇൻഫോ സിസ്റ്റംസ് നം. OZIFS/ 1463/ Dt.20.3.2019 പ്രകാരം 2,64,400/-രൂപയുടെ ഇൻവോയ്സ് സമർപ്പിച്ചു. ബിൽ നം. 02/ 2019-20/ 29.4.2019 പ്രകാരം 2,64,400/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തി (അക്കൗണ്ട് നം.14474015006322-ഓറിയന്റൽ ബാങ്ക്).

**2.ബിൽ നം. 06/ 2019-20/ 29.4.2019 – 1,06,000/- രൂപ**

സ്മാർട്ട് ക്ലാസ്സ് റൂം പെയിന്റ് ചെയ്യാനാണ് ഈ തുക ചെലവഴിച്ചത്. 18.1.2019 ന് Kottoodal Hardwares കുമ്പള സമർപ്പിച്ച 1,06,000/- രൂപയുടെ ടെണ്ടർ പ്രകാരമാണ് പ്രവൃത്തി നടത്തിയത്. ഇൻവോയ്സ് നം. എ- 2683/ തിയ്യതി 20.3.2019, നം. എ- 2691/ തിയ്യതി 21.3.2019, നം.എ- 2692/ തിയ്യതി 21.3.2019

എന്നിവ പ്രകാരം ആകെ 1,06,124/- രൂപയുടെ ഇൻവോയ്സുകൾ സ്ഥാപനം സമർപ്പിച്ചത് പ്രകാരം തുക ഓൺലൈൻ ആയി ട്രാൻസ്ഫർ നടത്തി (അക്കൗണ്ട് നം.201900300000135 – വിജയ ബാങ്ക്).

**3.ബിൽ നം. 07/ 2019-20/ 29.4.2019 – 1,90,000/- രൂപ**

സ്മാർട്ട് ക്ലാസ്സ് റൂമിലേക്ക് ഫർണ്ണിച്ചർ വാങ്ങാനാണ് ഈ തുക ചെലവഴിച്ചത്. 18.1.2019 ന് ഐശ്വര്യ എന്റർ പ്രൈസസ്, കാഞ്ഞങ്ങാട് സമർപ്പിച്ച 1,90,000/- രൂപയുടെ ടെണ്ടർ 7.2.2019 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ (4) പ്രകാരം അംഗീകരിക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തു. തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തി(അക്കൗണ്ട് നം.201400300000673-വിജയാ ബാങ്ക്).

ഈ പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

1. ഈ പ്രവൃത്തി ഒറ്റ ടെണ്ടർ നടപടിയിലൂടെ ചെയ്തിരുന്നുവെങ്കിൽ കുറഞ്ഞ തുകയ്ക്ക് പൂർത്തീകരിക്കാമായിരുന്നു. എന്നാൽ 3 ടെണ്ടർ വിളിച്ചാണ് ഈ പ്രവൃത്തി നടത്തിയത്. വിശദീകരണം നൽകിയിട്ടില്ല.

2. ടെണ്ടറുകൾ ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ക്രമ നം. (3) പ്രകാരം തുക നൽകിയതിന് ഐശ്വര്യ എന്റർപ്രൈസ് കാഞ്ഞങ്ങാട് സമർപ്പിച്ച 1,90,000/- രൂപയുടെ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ക്രമ നം.(2) പ്രകാരം Kottoodal Hardwares കുമ്പള സമർപ്പിച്ച 1,06,000/- രൂപയുടെ ടെണ്ടർ / ക്വട്ടേഷനുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ക്രമ നം.(1) പ്രകാരം തുക നൽകുമ്പോൾ സ്ഥാപനമാവുമ്പോൾ 2% ആദായനികുതി, 1% SGST.1% CGST എന്നിവ ഉറവിടത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ആയത് ഈടാക്കുകയോ വിശദീകരണം നൽകുകയോ ചെയ്തില്ല.

ഓഡിറ്റ് എൻക്വയറി നം.02/ 13.09.2021 നൽകിയതിന് 17.9.2021 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരമാണ് 3 ടെണ്ടർ വിളിച്ചതെന്നാണ് ക്രമ നം (1) ന് അറിയിച്ചിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. ക്രമ നമ്പർ (2), (3), (4) പ്രകാരമുള്ളതിന് രേഖകൾ ഹാജരാക്കി എന്നാണ് മറുപടി നൽകിയത്, പക്ഷെ ഹാജരാക്കിയിട്ടില്ല. ക്രമ നം (5) ന് നിർവ്വഹണ ഉദ്യോഗസ്ഥന് അറിവില്ല എന്നാണ് മറുപടി നൽകിയത്. രേഖകൾ കൃത്യമായി ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 5,60,400/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-21 കൊടിയമ്മ സ്കൂളിലെ യു.പി.വിഭാഗത്തിൽ ഹൈ-ടെക്ക് ക്ലാസ്സ് റൂം - നടപ്പാക്കിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.0351/2019-20

അടങ്കൽ - 8,15,000/- രൂപ (തനത് ഫണ്ട്)

ചെലവ് - 3,81,579/- രൂപ

ബിൽ നം.12/2019-20/ 6.3.2020 – 3,81,579/- രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ കൊടിയമ്മ സ്കൂളിലെ യു.പി.വിഭാഗത്തിൽ ഹൈ-ടെക്ക് ക്ലാസ്സ് റൂം നിർമ്മിക്കാനുള്ളതാണ് ഈ പദ്ധതി. 2018-19 ൽ രൂപം കൊടുത്ത ഈ പദ്ധതി സ്പിൽ ഓവർ ആയി 2019-20 ലാണ് നടപ്പാക്കിയത്. ഈ പദ്ധതിയുടെ നിർവ്വഹണം നടത്താൻ തെരെഞ്ഞെടുത്തത് കേരളാ സർക്കാരിന്റെ കീഴിലുള്ള കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കോർപ്പറേഷൻ ലിമിറ്റഡ് (KEL), എടരിക്കോട്, പുതുപ്പറമ്പ, മലപ്പുറം ജില്ല എന്ന സ്ഥാപനമാണ്. 2018-19 വർഷത്തിൽ ഈ പദ്ധതി നടത്തിപ്പിനായി 7.3.2019 ന് പ്രവൃത്തി നടത്തുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. KEL

ന്റെ കത്ത് നം. KEMG/ 24-16/ 1008/20 തിയ്യതി 19.3.2019 പ്രകാരം കരാർ പത്രം അയക്കുകയും അത് ഒപ്പ് വച്ച് ഒരു കോപ്പി തിരികെ അയക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ഒപ്പ് വച്ചിട്ടില്ല. പിന്നീട് 2019-20 ൽ KEL ന്റെ കത്ത് നം. KEMG/ 24-16/20 തിയ്യതി 28.2.2020 പ്രകാരം 4,23,977/- രൂപയുടെ ഇൻവോയ്സ് സമർപ്പിച്ചു. ഇൻവോയ്സ് നം.121/28.2.2020. ഈ തുകയിൽ 10% റിടെൻഷൻ തുക കഴിച്ച് (42,398/- രൂപ) ബാക്കി 3,81,579/- രൂപയാണ് നൽകിയത്. ബിൽ നം.12/2019-20/തിയതി 6.3.2020 പ്രകാരം ആകെ 3,81,579/- രൂപ KEL ന്റെ കത്ത് നം.KEMG/ 24-16/1008/20 തിയ്യതി 28.2.2020 അനുസരിച്ച് സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.37591001926, എസ്.ബി.ഐ കോട്ടക്കൽ ശാഖ).

പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, അതിനാൽ എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുന്നതെന്നോ ഏതെല്ലാം പ്രവൃത്തികളാണ് നടത്തിയത് എന്നും വ്യക്തമല്ല.

2. KEL സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അംഗീകരിച്ചതിന്റേയും, ഭരണസമിതി അംഗീകരിച്ചതിന്റേയും രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. KEL ന്റെ കത്ത് നം.KEMG/ 24-16/1008/20 തിയ്യതി 19.3.2019 പ്രകാരം കരാർ പത്രം അയക്കുകയും അത് ഒപ്പ് വച്ച് ഒരു കോപ്പി തിരികെ അയക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷെ കരാറിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് വെച്ചിട്ടില്ല. കരാർ തിയ്യതി, നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4. 20.1.2020 ലെ കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ അസി.എഞ്ചിനീയർ, LSGD കുമ്പള ഗ്രാമപഞ്ചായത്തിനോട് താഴെപ്പറയുന്ന പ്രവൃത്തിക്ക് മെഷർമെന്റ് നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

1.ടൈൽ വർക്ക്

2.പെയിന്റിംഗ്

3.ചുമർ ചിത്രം

അസി.എഞ്ചിനീയർ, LSGD കുമ്പള പ്രവർത്തിയുടെ മെഷർമെന്റ് നടത്തിയത്,എം.ബുക്ക്, വർക്ക് ബില്ല് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5. സ്ഥാപനം സമർപ്പിച്ച കരാറിലെ വ്യവസ്ഥ പ്രകാരം 60 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണം. പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

6. തുക നൽകുന്ന സമയത്ത് ആദായനികുതി 2%, SGST -1%, CGST- 1%, KCWWF-1% എന്നിങ്ങനെ ആകെ 5% കിഴിവ് വരുത്തേണ്ടതാണ്. പക്ഷെ തുക നൽകുമ്പോൾ യാതൊരു കിഴിവും വരുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.06/13.09.2021 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് 17.9.2021 ന് മറുപടി നൽകി. എൻക്വയറിയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾക്ക് കൃത്യമായ മറുപടി നൽകിയിട്ടില്ല, രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 3,81,579/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ചെലവു രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 16/19-20 |
| പ്രൊജക്ടിന്റെ പേര് | സാന്ത്വന പരിചരണം |
| അടങ്കൽ | 8,00,000 |
| ഫണ്ടിനം | 6,00,000/- (പൊതുസാധാരണ വിഹിതം) |
| | 1,00,000/- (ബ്ലോക്ക് പഞ്ചായത്ത് |

| | |
|---|---|
| | വിഹിതം) |
| | 1,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 3,62,415/- (പൊതുസാധാരണ വിഹിതം) |
| ബിൽ നം. | 4/22.07.2019 (1,12,500)<br>5/27.09.2019 (77,800)<br>6/16.10.2019 (37,180)<br>7/20.01.2020 (83,850)<br>12/31.03.2020 (30,405)<br>13/31.03.2020 (20,680) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി, ആരിക്കാടി |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വന പരിചരണം എന്ന പദ്ധതിക്കായി 3,62,415/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 51,085/- രൂപയുടെ ചെലവു രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കി 3,11,330/- രൂപയുടെ ട്രഷറി ബില്ലുകളോ മറ്റ ചെലവു രേഖകളോ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ സാന്ത്വന പരിചരണം പദ്ധതിയുടെ 3,11,330/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം.7/14.09.2021)

**1-23 വെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല.**

2019-20 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ആകെ 54,712/- രൂപ ഗ്രാമ പഞ്ചായത്ത് , കേരള വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കിയിട്ടുണ്ട് ( A/C.NO.67129159796 , Executive Engineer , Kerala Water Authority Kasaragod ). 09/2015മുതൽ ,186 പൊതു ടാപ്പുകളുടെ വെള്ളക്കരമാണ് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിക്കൊണ്ടിരിക്കുന്നത്. പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച്, ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും നാളിതു വരെയായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. അതിനാൽ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പു വരുത്തുക സാധ്യമല്ല. പൊതു ടാപ്പുകളുടെ എണ്ണം, സ്ഥാനം തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ടാപ്പുകളുടെ എണ്ണം, പ്രവർത്തന ക്ഷമത എന്നീ വിവരങ്ങളുടെ അഭാവത്തിൽ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ ചെലവിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. കുടിവെള്ള ടാപ്പുകളുടെ പൂർണ്ണമായ വിവര ശേഖരണം നടത്തേണ്ടതാണ്.വാട്ടർ അതോറിറ്റി അധികൃതരുമായി സഹകരിച്ച് ടാപ്പുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തി പ്രതിമാസ കുടിവെള്ളക്കരത്തിൽ ക്രമീകരണം നടത്തേണ്ടതാണ്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് , 30/05/2009 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 1275/2009 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി : നമ്പർ : 09/ 2021 തിയ്യതി : 14.09.2021 )

**1-24 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.**

ഗ്രാമ പഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2019-20 ൽ 26,84,423/- രൂപ കെ.എസ്.ഇ.ബി. യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യും ഗ്രാമ പഞ്ചായത്തും നാളിതു വരെയായും സംയുക്തമായി പരിശോധന നടത്തി ഉപയോഗയോഗ്യമായ തെരുവ് വിളക്കുകൾ എത്ര എണ്ണം ഉണ്ടെന്നും, അവയുടെ തരം ഏതൊക്കെയാണെന്നും നിർണ്ണയിച്ചിട്ടില്ല. പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ തെരുവ്

വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളതെന്ന് നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ : 08/ 2021 തിയ്യതി : 15.09.2021) തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ , തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് .

**<u>1-25 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.</u>**

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 ത.സ്വ.ഭ.വ. തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കുമ്പള പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. മുഖേന 2019-20 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 99,991/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | ബിൽ നം / ചെക്ക് നം- തുക | റിമാർക്സ് |
|---|---|---|
| 17/20119-20- മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് മരുന്ന വാങ്ങൽ | 99,991/- രൂപ (ബിൽ നം. 14/31.03.20) | 99,991/-രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ് |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ (ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനു പകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

**<u>1-26 രശീത് വരവ് - അപാകതകൾ</u>**

2019-20 വർഷത്തെ രശീതി പുസ്തകങ്ങളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

<u>രശീതി ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല</u>

പണം പിരിവിനു വേണ്ടി രശീതി ബുക്കുകൾ വിതരണം ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ 2019-20 വർഷത്തിൽ വിതരണം ചെയ്ത 5 രശീതി ബുക്കുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ( രശീതി ബുക്ക് നം.277, 282, 303) കൃഷി ഓഫീസർക്ക് നൽകിയ ബുക്ക് നം.290, 291 എന്നിവ)

<u>രശീതികൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല</u>

ഏതെങ്കിലും കാരണവശാൽ രശീതി ക്യാൻസൽ ചെയ്യേണ്ടി വന്നാൽ ക്യാൻസൽ ചെയ്ത രശീതികളിൽ കാരണം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ

താഴെകൊടുത്തിരിക്കുന്ന ക്യാൻസൽ ചെയ്ത രശീതികൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| രശീതി ബുക്ക് നം. | രശീതി നം. | തുക |
|---|---|---|
| 277 | 93 | 8,591 |
| 287 | 76 | 1,967 |
| | 77 | 273 |
| 23207 | 13 | 2,275 |
| 23208 | 6 | 8,457 |

ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

**1-27 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - നടപ്പാക്കിയതിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0231/19-20

അടങ്കൽ - 4,40,000/-രൂപ (എസ്.സി.പി.)

ചെലവ് - 2,45,000/- രൂപ

ബിൽ നം.02/2019-20/9.5.2019 – 2,45,000/- രൂപ

ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് ഈ പ്രൊജക്ട് ലക്ഷ്യമിടുന്നത്. 2018-19 വർഷത്തിൽ രൂപീകരിച്ച ഈ പദ്ധതി സ്പിൽ ഓവർ ആയി 2019-20 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി നടത്തുന്നതിന് 16.2.2019 ലെ നം .എ3-1202/17 പ്രകാരം ടെണ്ടർ ക്ഷണിച്ചു. ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, പട്ടാമ്പി, പാലക്കാട് എന്ന സ്ഥാപനമാണ് ഈ പ്രവൃത്തി നടത്തിയത്. പ്രവൃത്തി പൂർത്തീകരിച്ച് ആകെ 3,19,440/- രൂപയുടെ ബിൽ സമർപ്പിച്ചിരുന്നു. ഇൻവോയ്സ് നം. UES18192260/ 23.3.2019 പ്രകാരം 1815/- രൂപ വില വരുന്ന 24 വാട്സ് LED Street Light Luminory Auto With New Case With All Accessories 176 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 8.3.2019 തിയ്യതിയിൽ കരാർ സമർപ്പിച്ചിട്ടുണ്ട്. ബിൽ നം.02/2019-20/ 9.5.2019 പ്രകാരം ആകെ 2,45,000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.67095606886/എസ്.ബി.ഐ. ) ബാക്കി 74,440/-രൂപ ഇനിയും നൽകാനുണ്ട്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

1.ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതു പ്രകാരം ലഭിച്ച ടെണ്ടറുകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ടെണ്ടറുകളിൽ നിന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, പട്ടാമ്പി, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.പദ്ധതി നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ വാങ്ങിയത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.ഈ പ്രവൃത്തി നടത്തുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടം ഉണ്ടായിരുന്നുവോ എന്ന് വിശദീകരിക്കേണ്ടതാണ്.

5.സ്ഥാപന സ്ഥാപിച്ച 24 വാട്സ് LED Street Light Luminory Auto With New Case With All Accessories 176 എണ്ണം പ്രവർത്തനക്ഷമമാണെന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ സാക്ഷ്യ പത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. ആകെ ബിൽ തുക 3,19,440/- രൂപയാണ്. തുക നൽകുമ്പോൾ 2% ആദായനികുതി, 1% SGST, 1% CGST എന്നിവ ഉറവിടത്തിൽ നിന്നും കിഴിവ് ചെയ്യേണ്ടതാണ്. നിലവിൽ 2,45,000/- രൂപ മുഴുവൻ നൽകിയിട്ടുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

7. ബാക്കി നൽകാനുള്ള തുകയായ 74,440/- രൂപ നൽകാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.19/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,45,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-28 പട്ടികവർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ - നടപ്പിലാക്കിയതിലെ അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0223/19-20

അടങ്കൽ – 240000/- (2,15,680/-രൂപ (ടി.എസ്.പി) + 24,320/-രൂപ (തനത് ഫണ്ട്))

ചെലവ് - 1,67,500/- രൂപ (ടി.എസ്.പി.)

ബിൽ നം.01/2019-20/ 9.5.2019 – 1,67,500/- രൂപ

ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളിൽ Solar LED തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് പ്രൊജക്ട് ലക്ഷ്യമിടുന്നത്. 2018-19 വർഷത്തിൽ രൂപീകരിച്ച ഈ പദ്ധതി സ്പിൽ ഓവർ ആയി 2019-20 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, പട്ടാമ്പി, പാലക്കാട് എന്ന സ്ഥാപനമാണ് ഈ പ്രവൃത്തി നടത്തിയത്. പ്രവൃത്തി പൂർത്തീകരിച്ച് ആകെ 2,09,376/- (34896/- X 6 Nos.) രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. UES18192259 / 23.3.2019 പ്രകാരം 20 വാട്സ് Solar LED Street Light 6 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 8.3.2019 തിയ്യതിയിൽ കരാർ സമർപ്പിച്ചിട്ടുണ്ട്. ബിൽ നം. 01/ 2019-20/ 9.5.2019 പ്രകാരം ആകെ 1,67,500/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം. 67095606886/ എസ്.ബി.ഐ.). ബാക്കി 41,876/- രൂപ നൽകാനുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെകൊടുക്കുന്നു.

1. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിന്റെ വിവരങ്ങൾ, ലഭിച്ച ടെണ്ടറുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ടെണ്ടറുകളിൽ നിന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, പട്ടാമ്പി, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കുന്നതിന് ബ്ലോക്ക് എസ്.ടി. ഡെവലപ്പ്മെന്റ് ഓഫീസർക്ക് 16.2.2019 ന് നം. എ-3385/19 പ്രകാരം കത്ത് അയച്ചിട്ടുണ്ട്. ലഭ്യമായ പട്ടികവർഗ്ഗ കോളനികളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ഈ പ്രവൃത്തി പൂർത്തീകരിച്ച് Solar LED Street Light 6 എണ്ണവും പ്രവർത്തനക്ഷമമാണെന്ന സാക്ഷ്യ പത്രം, എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന്റെ രേഖകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ബാക്കി 41,876/- രൂപ നൽകാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.20/ 20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,67,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ - രേഖകൾ ലഭ്യമാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.101/19-20

അടങ്കൽ - 25,000/-രൂപ (ടി.എസ്.പി)

ചെലവ് - 25,000/- രൂപ (ടി.എസ്.പി)

ബിൽ നം.07/2019-20/ 30.3.2020 – 25,000/- രൂപ

കുമ്പള ഗ്രാമ പഞ്ചായത്തിലെ 10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാനാണ് ഈ പദ്ധതി. ബിൽ നം.07/2019-20/ 30.3.2020 പ്രകാരം ആകെ 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ തുക ചെലവഴിച്ചതിലെ അപാകതകൾ താഴെകൊടുക്കുന്നു.

1. ടെണ്ടർ ക്ഷണിച്ചതിന്റെ പകർപ്പ്, ലഭിച്ച ടെണ്ടറുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ഏത് സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങിയത് എന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അതായത് പ്രസ്തുത സ്ഥാപനം സമർപ്പിച്ച ടെണ്ടർ, സ്ഥാപനം സൈക്കിൾ വിതരണം ചെയ്തതിന് സമർപ്പിച്ച ഇൻവോയ്സ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ടെണ്ടർ അംഗീകരിച്ചതിന്റെയും (പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ ), സപ്ലൈ ഓർഡറിന്റെയും വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. സ്ഥാപനവുമായി ഒപ്പ് വെച്ച കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത അംഗീകൃത ഗുണഭോക്തൃപട്ടിക ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. സൈക്കിൾ നൽകുന്നതിനായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ് അടക്കമുള്ള വിശദവിവരങ്ങൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.21/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവ് തുക 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - രേഖകൾ ലഭ്യമാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം.0093/19-20

അടങ്കൽ - 27,320/-രൂപ (ടി.എസ്.പി)

ചെലവ് - 27,320/- രൂപ (ടി.എസ്.പി)

ബിൽ നം.08/2019-20/30.3.2020 – 27,320/-രൂപ

ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ബിൽ നം.08/2019-20/ 30.3.2020 പ്രകാരം ആകെ 27,320/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. 2 സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ മാത്രമാണ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.

ഈ തുക ചെലവഴിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. പദ്ധതിക്കായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെ പകർപ്പ്, ലഭിച്ച മുഴുവൻ ടെണ്ടർ/ക്വട്ടേഷനുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. ഏത് സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു, സ്ഥാപനം ഫർണ്ണിച്ചർ വിതരണം ചെയ്തത്, സമർപ്പിച്ച ഇൻവോയ്സ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ടെണ്ടർ/ക്വട്ടേഷൻ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത്, സപ്ലൈ ഓർഡറിന്റെ പകർപ്പ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. സ്ഥാപനവുമായി ഒപ്പ് വെച്ച കരാർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത അംഗീകൃത ഗുണഭോക്തൃപട്ടിക ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6.ഫർണിച്ചർ നൽകുന്നതിനായി തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ് അടക്കമുള്ള വിശദവിവരങ്ങൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.22/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ചെലവ് തുക 27,320/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ബാലസഭ -രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

പ്രൊജക്ട് നം.0072/19-20

അടങ്കൽ - 34,750/-രൂപ (പ്ലാൻ ജനറൽ)

ചെലവ് - 34,750/-രൂപ

ബിൽ നം.05/19-20/30.3.2020 – 34,750/-രൂപ

2019-20 വർഷത്തിൽ ബാലസഭാ പദ്ധതിക്ക് വേണ്ടി ആകെ 34,750/- രൂപ അസി.സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. ഈ തുക ചെലവഴിച്ചതിന്റെ ചെലവ് വൗച്ചറുകൾ അനുബന്ധരേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.23/ 20.09.2021 പ്രകാരം ചെലവ് വൗച്ചറുകൾ അനുബന്ധരേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 34,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-32 വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും(മൈങ്കടൽ),മാറ്റി സ്ഥാപിക്കലും(കൊടിയമ്മ)- രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0399/2019-20

അടങ്കൽ - 100,000/-രൂപ (തനത് ഫണ്ട് )

ചെലവ് - 42,994/- രൂപ

വൗച്ചർ നം.21900936/ 4.3.2020 – 42,994/- രൂപ

ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കട്ട താഴെകൊടിയമ്മ റോഡിൽ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കാനാണ് ഈ പദ്ധതിയിൽ തുക ചെലവഴിച്ചിട്ടുള്ളത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനാണ് പ്രവർത്തി നടത്തിയത്. 27.12.2019 ന് കത്ത് നം.DB17/ES KBL/Demand/ 2019-20/161 പ്രകാരം ഈ പ്രവൃത്തിക്ക് ചെലവ് 42,637/- രൂപയും അപേക്ഷാഫീസ് 357/- രൂപയും അടക്കം ആകെ 42,994/- രൂപ ഒടുക്കണമെന്ന് അസി.എഞ്ചിനീയർ കുമ്പള സെക്ഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. തീരുമാനം നം.23(5)/ തിയ്യതി 31.12.2019 പ്രകാരം ഭരണസമിതി

വൈദ്യുതി ബോർഡ് കുമ്പള സെക്ഷന്റെ എസ്റ്റിമേറ്റ് അംഗീകരിച്ചു. വൗച്ചർ നം.21900936/ 4.3.2020 പ്രകാരം 42,994/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ നടത്തി. (അക്കൗണ്ട് നം.4206317000041/സിൻഡിക്കേറ്റ് ബാങ്ക്, കുമ്പള).

പദ്ധതി നടപ്പിലാക്കിയതിലെ താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയില്ല.

1.തീരുമാനം നം.23(5)/ തിയ്യതി 31.12.2019 പ്രകാരം ഭരണസമിതി അംഗീകരിച്ച, പ്രവൃത്തി നടത്തുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.15/20.09.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 42,994/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 കുമ്പള ബസ് സ്റ്റാന്റിന്റെ എതിർവശത്ത് 400 വാട്സിന്റെ 8 LED ലൈറ്റ് സ്ഥാപിക്കൽ- രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0353/2019-20

അടങ്കൽ - 3,00,000/-രൂപ (തനത് ഫണ്ട് )

ചെലവ് - 1,64,740/- രൂപ

വൗച്ചർ നം.21900945/ 5.3.2020 – 1,64,740/- രൂപ

കുമ്പള ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിന് മുൻവശത്തായി സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ പഴയ MH ബൾബുകൾ മാറ്റി LED Flood Light സ്ഥാപിച്ച് മറ്റ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ഈ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. Fab Associates കാസറഗോഡ് എന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയത്. 27.2.2020 ന് സ്ഥാപനം നൽകിയ കത്ത് പ്രകാരം പ്രവർത്തി പൂർത്തീകരിച്ചതിനാൽ തുക നൽകുവാൻ ആവശ്യപ്പെട്ടു. ഇൻവോയ്സ് നം.B-315/ തിയ്യതി 26.2.2020 പ്രകാരം ആകെ 1,64,740/- രൂപയാണ് നൽകേണ്ടത്. വൗച്ചർ നം.21900945/5.3.2020 പ്രകാരം ആകെ 1,64,740/- രൂപ Fab Associates കാസറഗോഡിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. (അക്കൗണ്ട് നം.60306740486/ബാങ്ക് ഓഫ് മഹാരാഷ്ട്ര.)

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. പ്രവൃത്തി നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചത്, ലഭിച്ച ടെണ്ടറുകളും അനുബന്ധ രേഖകളും, പ്രൊക്യുർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചതിന്റേയും രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. കരാർ വ്യവസ്ഥകൾ അടങ്ങിയ മുദ്രപ്പത്രം ഹാജരാക്കിയിട്ടുണ്ട്. കരാറിൽ സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല. തിയ്യതി, കരാർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

3. പ്രവൃത്തി പൂർത്തീകരിച്ചതിന് ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാത്രം ഒപ്പിട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. അതിൽ എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ ബിൽ നൽകാം എന്ന് എഴുതിയിട്ടുണ്ട്. എഞ്ചിനീയറുടെ സാക്ഷ്യപത്രം വാങ്ങിയതിന്റേയും തുക നൽകുന്നതിന് മുമ്പ് വൈദ്യുതി ബോർഡ് പരിശോധന നടത്തി പ്രവർത്തനക്ഷമമാണെന്ന റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കിയില്ല, രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.16/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,64,740/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-34 ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. 0267/2019-20

അടങ്കൽ - 1,70,000/- രൂപ (തനത് ഫണ്ട് )

ചെലവ് - 1,69,284/- രൂപ

വൗച്ചർ നം. 21900363/ 22.8.2019 – തുക 1,69,284/- രൂപ

ഉത്തരവ് നം.എസ്.സി-02 -10382 (2)/ 2019/ തിയ്യതി 22.8.2019 അനുസരിച്ച് ഈ പദ്ധതിക്കായി ആകെ 1,69,284/- രൂപ വൗച്ചർ നം. 21900363/ 22.8.2019 പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കുമ്പള സെക്ഷന് കൈമാറിയിട്ടുണ്ട്. (ബാങ്ക് അക്കൗണ്ട് നം. 42063170000041/ സിൻഡിക്കേറ്റ് ബാങ്ക്, കുമ്പള). ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു..

1. ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കുമ്പള സെക്ഷൻ ഈ പദ്ധതിക്കായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ്, എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ഈ പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.17/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,69,284/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-35 തീരദേശ സ്ട്രീറ്റ് ലൈറ്റ് ലൈനിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ ഫയലുകളോ മറ്റ് അനുബന്ധരേഖകളോ ഒന്നും തന്നെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 232/ 2019-20 | തീരദേശ സ്ട്രീറ്റ് ലൈറ്റ് ലൈനിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി | 5,50,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് + തനത് ഫണ്ട്) | 2,49,788/- രൂപ |
| ആകെ ചെലവ് | | | | 2,49,788/- രൂപ |

ആകെ 2,49,788/- രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം. 01/16.9.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 2,49,788/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

**1-36 വിവിധ ഇടങ്ങളിൽ LED മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - ചെലവ് രേഖകൾ**

**പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ ഫയലുകളോ മറ്റ് അനുബന്ധ രേഖകളോ ഒന്നും തന്നെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 240/ 2019-20 | ഗ്രാമ പഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ LED മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി. | 32,00,000/- രൂപ (പ്ലാൻ ജനറൽ + ധനകാര്യ കമ്മീഷൻ ഗ്രാന്റ് + തനത് ഫണ്ട്) | 30,00,000/- രൂപ |
| ആകെ ചെലവ് | | | | 30,00,000/- രൂപ |

ആകെ 30,00,000/- രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.01/16.9.2021 നൽകിയിട്ടുണ്ട്. പക്ഷെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 30,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരിച്ചടക്കാൻ നിർദ്ദേശിക്കുന്നതുമാണ്.

**1-37 പുതിയ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ വലിക്കൽ & ഓട്ടോമാറ്റിക്ക് കൺ ട്രോൾ പാനൽ സ്ഥാപിക്കൽ - പദ്ധതി ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതി സംബന്ധിച്ച ഫയലുകളോ മറ്റ് അനുബന്ധരേഖകളോ ഒന്നും തന്നെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 242/ 2019-20 | പുതിയ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ വലിക്കൽ & ഓട്ടോമാറ്റിക്ക് കൺട്രോൾ പാനൽ സ്ഥാപിക്കൽ പദ്ധതി. | 500,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 4,99,937/- രൂപ |
| ആകെ ചെലവ് | | | | 4,99,937/- രൂപ |

ആകെ 4,99,937/- രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.01/16.9.2021 നൽകിയിട്ടുണ്ട്. പക്ഷെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 4,99,937/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരിച്ചടക്കാൻ നിർദ്ദേശിക്കുന്നതുമാണ്.

**1-38 കുട്ടികളുടെ പാർക്ക് (കൊടിയമ്മ) - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതി സംബന്ധിച്ച ഫയലുകളോ മറ്റ് അനുബന്ധരേഖകളോ ഒന്നും തന്നെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 258/ 2019-20 | കുട്ടികളുടെ പാർക്ക് (കൊടിയമ്മ) പദ്ധതി. | 5,74,150/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1,53,380/- രൂപ |
| ആകെ ചെലവ് | | | | 1,53,380/- രൂപ |

ആകെ 1,53,380/- രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം. 01/16.9.2021 നൽകിയിട്ടുണ്ട്. പക്ഷെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയില്ല. അതിനാൽ ചെലവ് തുക 1,53,380/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരിച്ചടക്കാൻ നിർദ്ദേശിക്കുന്നതുമാണ്.

**1-39 മൊഗ്രാൽ യുനാനി ആശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ -ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ ഫയലുകളോ മറ്റ് അനുബന്ധ രേഖകളോ ഒന്നും തന്നെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 265/ 2019-20 | മൊഗ്രാൽ യുനാനി ആശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി. | 83,198/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 83,198/- രൂപ |
| ആകെ ചെലവ് | | | | 83,198/- രൂപ |

ആകെ 83,198/- രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.01/16.9.2021 നൽകിയിട്ടുണ്ട്. പക്ഷെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 83,198/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരിച്ചടക്കാൻ നിർദ്ദേശിക്കുന്നതുമാണ്.

**1-40 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് UPS വാങ്ങൽ - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതി സംബന്ധിച്ച ഫയലുകളോ

മറ്റ് അനുബന്ധ രേഖകളോ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 270/ 2019-20 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് UPS വാങ്ങൽ പദ്ധതി. | 42,000/-രൂപ (പ്ലാൻ ജനറൽ) | 42,000/- രൂപ |
| ആകെ ചെലവ് | | | | 42,000/- രൂപ |

ആകെ 42,000/- രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.01/ 16.9.2021 നൽകി ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. അതിനാൽ ചെലവ് തുക 42,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തിരിച്ചടക്കാൻ നിർദ്ദേശിക്കുന്നതുമാണ്.

**1-41 ക്യാഷ് ബുക്ക് ഹാജരാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2019-20 വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 12-04-2006 ലെ 177/2006-ാം നം ഉത്തരവ് പ്രകാരം നിർവഹണോദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തണം. നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ. പി.എച്ച്.സി പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 2019-20 വർഷം പഞ്ചായത്തിൽ നിന്നു ലഭിച്ച ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി ക്യാഷ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-42 കാർഷികമേഖലയിലെ പദ്ധതി നിർവ്വഹണം- പൊതു അപാകതകൾ**

2020-21 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതോടൊപ്പമുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചില്ല.

4) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി

മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ / ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000/- രൂപ , കൂടിയത് 25,000/- രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2019-20 വർഷം നടപ്പിലാക്കിയ 10 പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് സെലക്ഷൻ നോട്ടീസിന്റെ തിയതിക്കു ശേഷം 14 ദിവസങ്ങൾ എന്ന കാലയളവും പിന്നിട്ട ശേഷമാണ്. സ്വാഭാവികമായും ഈ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്നതല്ല. എന്നാൽ ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഒരു പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് തിയതിക്കു ശേഷം 14 ദിവസങ്ങൾ പിന്നിട്ട് 24 ദിവസങ്ങൾക്കുള്ളിലാണ്. എന്നാൽ ഈ കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്കു ശേഷമുള്ള കരാറുകൾ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. എന്നാൽ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം 16, തിയതി 01.09.2021)

<u>1. പ്രോജക്ട് നം 154/20- പേരാൽ ശിഹാബ് തങ്ങൾ ക്രോസ് റോഡ് കോൺക്രീറ്റ്.</u>

കരാറുകാരൻ- മുജീബ് റഹ്മാൻ.കെ.എം.

കരാർ നമ്പർ- 24/19-20/AE/LSGD/KMBL തിയതി 25-12-2019

ടെണ്ടർ ചെയ്ത പി.എ.സി - 2,99,399, രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 04-12-2019 ആണ്. ആയതിനാൽ 18-12-2019 നുള്ളിൽ പിഴയില്ലാതെയും 25-12-2019 നുള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. എന്നാൽ ഈ കാലയളവും പിന്നിട്ട് 25-12-2019 നു മാത്രമാണ് കരാർ ചമച്ചിട്ടുള്ളത്. കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2994/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. പ്രോജക്ട് നം 171/20- ദ്വാരക് നഗർ റോഡ് കോൺക്രീറ്റ്

കരാറുകാരൻ-എ.അമ്മു

കരാർ നമ്പർ- 20/19-20/AE/LSGD/KMBLതിയതി 23-10-2020

ടെണ്ടർ ചെയ്ത പി.എ.സി- 2,99,388/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 29-09-2020 ആണ്. ആയതിനാൽ 13-10-2020 നള്ളിൽ പിഴയില്ലാതെയും 23-10-2020 നള്ളിൽ 1% പിഴയോട്ടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 23-10-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമ പ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെട്ടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2994/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

3. പ്രോജക്ട് നം 160/20- റഹമത്ത് നഗർ ചളിയംങ്കോട് റോഡ് കോൺക്രീറ്റ്

കരാറുകാരൻ- യൂസഫ്.കെ .വി

കരാർ നമ്പർ- 15/20/AE/LSGD/KMBL തിയതി 19-10-2020

ടെണ്ടർ ചെയ്ത പി.എ.സി- 299399/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 20-01-2020 ആണ്. ആയതിനാൽ 03-02-2020 നള്ളിൽ പിഴയില്ലാതെയും 19-10-2020 നള്ളിൽ 1% പിഴയോട്ടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 19-10-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെട്ടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2994/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

4. പ്രോജക്ട് നം 65/20- കൊടിയമ്മ സോഷ്യൽ ഫോറസ്ട്രി പെർവത്തടക്ക റോഡ് കോൺക്രീറ്റ്

കരാറുകാരൻ- മുഹമ്മദ് എ.കെ

കരാർ നമ്പർ- 48/19-20/AE/LSGD/KMBL തിയതി 31-01-2020

ടെണ്ടർ ചെയ്ത പി.എ.സി.- 3,96,459/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 10-12-19 ആണ്. ആയതിനാൽ 24-12-19 നള്ളിൽ മാത്രമേ പിഴയില്ലാതെ കരാർ ചമയ്ക്കാമായിരുന്നുള്ളൂ. എന്നാൽ പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 31-01-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെട്ടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 3964/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

5. പ്രോജക്ട് നം 300/20 ആരിക്കാടി കുന്നിൽ ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ്

കരാറുകാരൻ- ഗഫൂർ.സി.എം

കരാർ നമ്പർ- 18/20/AE/LSGD/KMBL തിയതി 12-12-2019

ടെണ്ടർ ചെയ്ത പി.എ.സി- 1,75,000/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 20-11-19 ആണ്. ആയതിനാൽ 04-12-2019 നള്ളിൽ പിഴയില്ലാതെയും 12-12-2019നള്ളിൽ 1% പിഴയോട്ടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 12-12-2019 നാണ്. കരാറിൽ

ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 1750/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

6. പ്രോജക്റ്റ് നം 57/20- കട്ട കോട്ടക്കാർ റോഡ് കോൺക്രീറ്റ്

കരാറുകാരൻ- അന്ദുങ്ങി

കരാർ നമ്പർ- 28/20/AE/LSGD/KMBL തിയതി 20-12-2019

ടെണ്ടർ ചെയ്ത പി.എ.സി- 4,97,734 രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 29-11-2019 ആണ്. ആയതിനാൽ 13-12-2019 നള്ളിൽ പിഴയില്ലാതെയും 20-12-2019നള്ളിൽ 1% പിഴയോട്ട കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 20-12-2019 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 4977/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

7. പ്രോജക്റ്റ് നം 385/20- കോട്ട മാളിയങ്കര റോഡ് കോൺക്രീറ്റ്

കരാറുകാരൻ- ഇർഷാദ് .എ

കരാർ നമ്പർ- 57/20/AE/LSGD/KMBL തിയതി 17-02-2020

ടെണ്ടർ ചെയ്ത പി.എ.സി- 3,54,436/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 28-01-20 ആണ്. ആയതിനാൽ 11-02-20 നള്ളിൽ പിഴയില്ലാതെയും 17-02-2020 നള്ളിൽ 1% പിഴയോട്ട കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 17-02-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 3544/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

8. പ്രോജക്റ്റ് നം 45/20- ഭീനട്ടക്കം ക്രോസ് റോഡ് കോൺക്രീറ്റ്

കരാറുകാരൻ- മുജീബ് റഹ്മാൻ.കെ.എം.

കരാർ നമ്പർ- 41/20/AE/LSGD/KMBL തിയതി 27-12-2019

ടെണ്ടർ ചെയ്ത പി.എ.സി- 1,76,603/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 07-12-19 ആണ്. ആയതിനാൽ 21-12-19 നള്ളിൽ പിഴയില്ലാതെയും 27-12-2019നള്ളിൽ 1% പിഴയോട്ട കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 27-12-2019 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 1,766/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കരാറുകാരനിൽ നിന്നോ കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

**1-44 ഇ ടെണ്ടർ - ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.**

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ

നടത്തുമ്പോൾ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 23 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് 34,179/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കൂടാതെ 2020-21 ൽ ഇ-ടെണ്ടർ ചെയ്ത പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസും (9,286/- രൂപ) പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇതിനു പുറമെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 ലൈസൻസ് പൊതു അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/ 2017/ ത.സ്വ.ഭ.വ. പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

ബി) വൈദ്യുതയന്ത്രം ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും വൈദ്യുത യന്ത്രം ഉപയോഗിക്കുന്നതിന് ചട്ട പ്രകാരമുള്ള ഫീസ് ഈടാക്കിയതായി കണ്ടില്ല. (31.10.2017 ഭേദഗതി ചട്ടങ്ങൾ – വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ). വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| 1 | മാരുതി ഓട്ടോ വർക്ക്സ് | 1.5 HP | 50 |
| 2 | സുരുചി ബേക്കറി, ബാങ്ക് റോഡ് | 1 HP | 10 |
| 3 | സ്പോട്ട് വാഷ്, ബീനാസ് ഹോസ്പിറ്റൽ റോഡ് | 3 HP | 50 |
| 4 | കെ.എസ്.എ. ഇന്റർനാഷണൽ സൊല്യൂഷൻസ്, കുമ്പള | 3.1 HP | 50 |
| 5 | ശ്രീ ജ.മാരുതി ഇൻഡസ്ട്രീസ് | 10 HP | 100 |

| | |
|---|---|
| ആകെ | 260 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-46 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.**

01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/ ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ ഫിൻ പ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/ PLA/ /EMP/1014/ (A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/ ത.സ്വ.ഭ.വ. ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്.

2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ |
|---|---|---|
| 1 | ദ്വാരക്ക് നഗർ റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം -0171/20) | 32,077 |
| 2 | ബന്നാതം കടവ് ലിങ്ക് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം -0053/20) | 32,067 |
| 3 | റഹമത്ത് നഗർ ചളിയംങ്കോട് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം -0160/20) | `32,066 |
| 4 | ആരിക്കാടി കടവത്ത് ഗ്രൗണ്ട് പുനരുദ്ധാരണം (പ്രോജക്ട് നം -0203/20) | 21,288 |
| 5 | മുളിയടുക്ക ബല്ലംമ്പാടി റോഡ് ടാറിംഗ് (പ്രോജക്ട് നം –0055/20) | 32,099 |
| 6 | കൊടിയമ്മ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് (പ്രോജക്ട് നം –0376/20) | 49,220 |
| 7 | ആരിക്കാടി കുന്നിൽ കുടിവെള്ള പദ്ധതി (പ്രോജക്ട് നം – 0131/20) | 19,168 |
| 8 | കിദൂർ കട്ട ശങ്കര കട്ട റോഡ് ടാറിംഗ് (പ്രോജക്ട് നം – | `32,116 |

| | | |
|---|---|---|
| | 0051/20) | |
| 9 | ശേഡിക്കാവ് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം – 0177/20) | 32,067 |
| 10 | അനിൽ കുംബലെ സി.എച്.സി. റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം – 0416/20) | 50,800 |

**1-47 അസി.എൻജിനിയറുടെ ഫയലുകൾ അപൂർണ്ണം.**

അസിസ്റ്റൻറ് എൻജിനിയറുടെ രജിസ്റ്ററുകളിലേയും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലേയും അപാകതകൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്ററിൽ ആരുടെ ടെണ്ടറാണ് അംഗീകരിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ, ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരുള്ള കരാറുകാരുടെ ഒപ്പ് വാങ്ങുകയോ ചെയ്യുന്നില്ല

2. എഗ്രിമെൻറ് രജിസ്റ്ററിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.

3. ടെണ്ടർ ഭരണസമിതി അംഗീകരിച്ചാൽ 7 ദിവസത്തിനകം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകണമെന്നാണെങ്കിലും , സമയപരിധിക്കുള്ളിൽ എല്ലാ കരാറുകാർക്കും നൽകുന്നില്ല. ചില കരാറുകാർക്ക് രണ്ടും, മൂന്നും മാസങ്ങൾക്ക് ശേഷമാണ് അയക്കുന്നത് . അയക്കുന്ന നോട്ടീസിലാകട്ടെ അയച്ച തിയതി, കരാറുകാരൻ കൈപ്പറ്റിയ തിയതി എന്നിവയും രേഖപ്പെടുത്തുന്നില്ല.

4. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം, കരാർ തുക, പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തിയതി എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തുന്നില്ല

5. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

6. പൂർത്തീകരണ സമയം നീട്ടിനൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ ലഭിച്ച തിയതി രേഖപ്പെടുത്തുകയോ, സമയം നീട്ടി നൽകാൻ ഭരണസമിതി അംഗീകാരം വാങ്ങുന്നില്ല.

7. ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

8. ഫയലിൽ മുൻ പാർട്ട് ബില്ലുകളും, തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തിയതി രേഖപ്പെടുത്തുന്നില്ല.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ് രജിസ്റ്റർ, കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല. തൻവർഷം നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

10. പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല.

11. റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

12. കരാർ ഉടമ്പടി രജിസ്റ്റർ പൂർണ്ണമല്ല. കരാർ ഉടമ്പടി രജിസ്റ്ററിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

13. പദ്ധതി പൂർത്തീകരണത്തിനായി ചമക്കുന്ന കരാറുകളിൽ പ്രവൃത്തി കലണ്ടർ പ്രകാരം പദ്ധതി പൂർത്തിയാക്കണമെന്നും ആയത് കരാറിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നുണ്ടെന്നും പറയുന്നുണ്ടെങ്കിലും ഒരു ഫയലിലും അത്തരം പ്രവൃത്തി കലണ്ടർ ഉള്ളടക്കം ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-48 അസിസ്റ്റന്റ് എഞ്ചിനീയർ - പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചില പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | പ്രോജക്ട് നം. / പേര് / ഫണ്ട് |
|---|---|---|
| 1 | 2,67,221 | 0194/ 19-20 മൊഗർ തെലത്ത് വളപ്പ് റോഡ് കോൺക്രീറ്റ് / തനത് ഫണ്ട് |
| 2 | 2,81,947 | 0224/ 19-20 പള്ളത്താർ ഗട്ടി സമാജം റോഡ് ടാറിംഗ്/ ധനകാര്യ കമ്മീഷൻ |
| 3 | 2,96,041 | 0234/ 19-20 നീരോളി എസ്.സി.കോളനി പുനരുദ്ധരണം / എസ്.സി.പി. |
| 4 | 1,40,920 | 0235/19-20 അണ്ടിത്തടുക്ക ടി വി സെന്റർ ഇംപ്രൂവ്മെന്റ /എസ്.സി.പി. |
| 5 | 1,60,915 | 0236/19-20 കീദൂർ കുണ്ടങ്കാരടുക്ക എസ് സി. കമ്മൂണിറ്റി ഹാൾ നവീകരണം / എസ്.സി.പി |
| 6 | 8,91,454 | 0237/19-20 എഫ് ഡബ്ല്യ സി വലിയ നാങ്ങി ഡ്രൈനേജ് ആന്റ കവറിംഗ് സ്ലാബ് രണ്ടാം ഘട്ടം. / ധനകാര്യ കമ്മീഷൻ |
| 7 | 1,98,425 | 0238/19-20 ആരിക്കാടി ചെറിയകുന്ന നടപ്പാത നിർമ്മാണം /ധനകാര്യ കമ്മീഷന് |
| 8 | 1,97,800 | 0246/19-20 ബന്നങ്ങളം അംഗൻവാടി നവീകരണം / റോഡിതരം |
| 9 | 2,93,080 | 0247/19-20 കൃഷ്ണ നഗർ ക്രോസ് റോഡ് കോൺക്രീറ്റ് / ധനകാര്യ കമ്മീഷൻ |
| 10 | 5,39,036 | 0248/19-20 മുജംഗാവ് കോണി റോഡ് കോൺക്രീറ്റ് / ധനകാര്യ കമ്മീഷൻ |
| 11 | 2,98,737 | 0249/19-20 മുണ്ടപ്പള്ള റോഡ് കോൺക്രീറ്റ് /ധനകാര്യ കമ്മീഷൻ |
| 12 | 3,97,239 | 0250/19-20 പേരാൽ സ്കൂൾ റീ ടാറിങ് / തനത് |
| 13 | 2,94,000 | 0251/19-20 ഉളുവാർ ഓൾഡ് സ്കൂൾ റോഡ് ഡ്രൈനേജ് / ധനകാര്യ കമ്മീഷൻ |
| 14 | 2,96,041 | 0253/19-20 കൊപ്പളം ക്രോസ് റോഡ് കോൺക്രീറ്റ് / ധനകാര്യ കമ്മീഷൻ |
| 15 | 2,92,347 | 0255/19-20 മടിമുഗർ ശാന്തികുന്ന റോഡ് കോൺക്രീറ്റ് / ധനകാര്യ കമ്മീഷൻ |
| 16 | 3,95,955 | 0256/19-20 പോട്ടോറി കെ.എം.സിസി റോഡ് കോൺക്രീറ്റ് /ധനകാര്യ കമ്മീഷൻ |
| 17 | 3,72,801 | 0259/19-20 കിദൂർ കണ്ടങ്കരടുക്ക ശ്മശാനം റോഡ് ഇംപ്രൂമെന്റ് /പൊതു വിഭാഗം |
| 18 | 1,56,192 | 0280/19-20 മുജംഗാവ് ടെംപിൾ കൾവർട്ട് / തനത് |
| 19 | 95,600 | 0284/19-20 റാം നഗർ ഷേഡിക്കാന റോഡ് കോൺക്രീറ്റ് /ധനകാര്യ കമ്മീഷൻ |
| 20 | 91,700 | 0295/19-20 കോട്ടെക്കാർ അംഗൻവാടി നവീകരണം /ധനകാര്യ കമ്മീഷൻ |
| 21 | 3,74,852 | 0297/19-20 കോടിയമ്മ മദ്രസ മധ്വ റോഡ് പുനരുദ്ധരണം / തനത് |
| 22 | 1,68,743 | 0300/19-20 ആരിക്കാടി കുന്നിൽ ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റ് / തനത് |
| 23 | 2,56,700 | 0302/19-20 മുഹ്യദ്ദീൻ പള്ളി കക്കളംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം / തനത് |
| 24 | 3,52,202 | 0305/19-20 കോടിടെക്കാർ കബീർ എസ്.സി കോളനി കുടിവെള്ള പദ്ധതി / എസ്.സി.പി |
| 25 | 1,66,500 | 0306/19-20 കോരിത്തല ഡ്രൈനേജ് ആന്റ ഫുട്ട്പ്പാത്ത് നിർമ്മാണം / തനത് |
| 26 | 1,08,944 | 0309/19-20 മൊഗ്രാൽ കടവത്ത് അംഗൻവാടി പുനരുദ്ധാരണം ആന്റ ഇലക്ട്രിഫിക്കേഷൻ / തനത് |
| 27 | 2,20,801 | 0310/19-20 കൃഷി ഓഫീസ് ഇംപ്രൂമെന്റ് / തനത് |
| 28 | 3,26,090 | 0318/19-20 വെറ്റനറി നമ്പിക്കര റോഡ് കോൺക്രീറ്റ് /ധനകാര്യ കമ്മീഷൻ |

| | | |
|---|---|---|
| 29 | 14,04,160 | 0319/19-20 അണ്ടിത്തടുക്ക താരിഗുഡ്ഡെ റോഡ് റീ ടാറിംഗ് / റോഡ് |
| 30 | 2,48,585 | 0321/19-20 കുമ്പള ശ്മശനം നവീകരണം /ധനകാര്യ കമ്മീഷൻ |
| 31 | 9,42,254 | 0322/19-20 ഷെട്ടിഗദ്ദെ ബദ്രഡി റോഡ് റീ ടാറിംഗ് / റോഡ് |
| 32 | 4,89,768 | 0324/19-20 പഞ്ചായത്ത് കോംപൗണ്ടിൽ ശൗചാലയം നിർമ്മാണം / പൊതുവിഭാഗം |
| 33 | 4,00,000 | 0326/19-20 കിദൂർ ഊളങ്ക കിദൂർ സ്കൂൾ ടാറിംഗ് / റോഡ് |
| 34 | 6,43,646 | 0328/19-20 നാരായണ മംഗലം അനന്തപുര റോഡ് കോൺക്രീറ്റ് / തനത് |
| 35 | 2,98,681 | 0329/19-20 കോട്ട ലിങ്ക് റോഡ് കോൺക്രീറ്റ് /ധനകാര്യ കമ്മീഷൻ |
| 36 | 2,40,308 | 0332/19-20 കുണ്ടങ്കാരടുക്ക ശ്മശാനം നവീകരണം / തനത് |
| 37 | 3,82,412 | 0335/19-20 ജി.യു.പി.എസ് കൊടിയമ്മ ടോയിലെറ്റ് / പൊതുവിഭാഗം |
| ആകെ | 1,29,82,097 | |

രേഖകൾ ഹാജരാക്കാത്തത് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/ 2019-20/ 20-09-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്റ്റുകളുടെ ആകെ ചെലവ് തുക ₹1,29,82,097/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | 16-09-2021 & 17-09-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 18,88,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 18,88,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 3,40,000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 3,40,000 | 0 |
| | | 1,00,000 | സാന്ത്വന പരിപാലനം | 0 | 1,00,000 |
| | | 1,00,000 | പാലിന് സബ്സിഡി | 0 | 1,00,000 |
| | | 1,80,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,48,700 | 31,300 |
| | | 40,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 40,000 | 0 |
| | | 24,33,86 | ലൈഫ് ഭവന പദ്ധതി ജനറൽ | 0 | 2,43,386 |
| | | 4,00,000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 27,50,000 | ലൈഫ് മിഷൻ ഗ്രാമ പഞ്ചായത്ത് സംഭാവന | 13,80,000 | 13,70,000 |
| | | 1,00,000 | സാന്ത്വന പരിപാലനം | 0 | 1,00,000 |
| | | 3 | സാന്ത്വന പരിപാലനം | 0 | 3 |
| | | 5,95,000 | സംയോജിത നെൽകൃഷി | 0 | 5,95,000 |
| | | 818 | ലൈഫ് ഭവന ജനറൽ | 0 | 818 |
| | | 18,00,000 | എൻ.പി.ആർ.പി.ഡി ഭവന പദ്ധതി | 0 | 18,00,000 |
| | | 27,400 | ലൈഫ് ഭവന നിർമാണം | 0 | 27,400 |
| | | 9,50,000 | മൊഗ്രാൽ എം.സി, ഹാജി കുളം നവീകരണം | 0 | 9,50,000 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | വൌച്ചർ / | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | ചെക്ക് നം | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 0242/2019-20 പുതിയ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കലും & ഓട്ടോമാറ്റിക്ക് കംട്രോൾ പാനൽ സ്ഥാപിക്കൽ | 21900785/ 01-06-2019 | 5,00,000 | 4,99,937 | 63 |
| | 0267/2019-20 ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ (ബംബ്രാണ) | 21900363/ 22-08-2019 | 1,70,000 | 1,69,284 | 716 |
| | 0399/2019-20 വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും | 21900936/ 04-03-2020 | 1,00,000 | 42,994 | 57,006 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ.(MS) നം 68/2018 തസ്വഭവ തീ 18-05-2018 & ജി.ഒ.(MS) നം.111/2018 തസ്വഭവ തീ 13-08-2018 | 1,12,87,549 | 1,12,87,549 (ഈ വർഷം ലഭിച്ചത് 46,72,451) ആകെ 1,59,60,000 | 12,94,118 | 1,46,65,882 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
| 1997-98 | 28 | 2001-02 | 14-1 | കുഴൽക്കിണർ-വിൽപ്പന നികുതി ഈടാക്കാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 1997-98 | 31 | 2001-02 | 14-2 | ആട്, പശു വിതരണം-അധിക സബ്സിഡി | നിയമസഭാ സമിതി പരിഗണനയിൽ |
| 2000-01 | 14 | 2007-08 | 3-66-3 | ഭവന നിർമാണ ബോർഡ് നിക്ഷേപം-വിനിയോഗ വിവരങ്ങൾ ഇല്ലാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 2013-14 (വിഷയാധിഷ്ഠിത അവലോകനം | - | 2013-14 | 5-2 | ത.സ്വ.ഭ.സ്ഥാപനങ്ങളും വിദ്യാഭ്യാസവും | തുടരുന്നു |
| 2015-16 | 2-1, 2-2 | 2016-17 | അധ്യായം -2 അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,12,50,308 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,17,27,536 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,02,61,014 |

**(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-15 | 4,62,000 | നളിനി ,ഐ. സി. ഡി. എസ്. സൂപ്പർവൈസർ |
| 1-16 | 3,19,496 | |
| 1-17 | 2,39,221 | |
| 1-19 | 1,00,000 | രാമചന്ദ്ര ഭട്ട്, പ്രധാനധ്യാപകൻ |
| 1-20 | 5,60,400 | |
| 1-21 | 3,81,579 | |
| 1-22 | 3,11,330 | ഡോ.സുബ്ബ ഗട്ടി, മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1-27 | 2,45,000 | ദിപീഷ് പി.ടി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 1,67,500 | |
| 1-29 | 25,000 | |
| 1-30 | 27,320 | |
| 1-31 | 34,750 | |
| 1-32 | 42,994 | ദിപീഷ് പി.ടി , അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-33 | 1,64,740 | ദിപീഷ് പി.ടി , അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-34 | 1,69,284 | ശ്രീ.ബാബു എം,സെക്രട്ടറി |
| 1-35 | 2,49,788 | ശ്രീ.ജയൻ .പി,സെക്രട്ടറി. |
| 1-36 | 30,00,000 | |
| 1-37 | 4,99,937 | |
| 1-38 | 1,53,380 | |
| 1-39 | 83,198 | |
| 1-40 | 42,000 | |
| 1-47 | 1,29,82,097 | ജിഷി ആർ ,അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 2,02,61,014 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജിഷി ആർ. ,അസിസ്റ്റന്റ് എഞ്ചിനിയർ | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ഉഷസ്, ജനനി നഗർ, അക്കോളിൽ, |

| | | |
|---|---|---|
| | | കുട്ടിക്കട .പി,ഒ.<br>കൊല്ലം 691020 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | LFC12/1423/90 Dated 10.07.1990 | 12 |
| 1985-86 | LFC12/232/92 Dated 07.03.1992 | 13 |
| 1986-87 | LFC12/1515/92 Dated, 07.12.1993 | 6 |
| 1987-88/ 88-89 | LFKSD1/131/94 Dated, 24.06.96 | 6 |
| 89-90, 90-91 | LFKSD5/354/99 Dated 08.12-99 | 2 |
| 96-97 | LFKSD6/826/04, Dated 10.07.2006 | 8 |
| 96-97(Expt) | KSA/KSD.6/660/2019(3) തി. 11.06.2019 | 03 |
| 97-98 (Do) | KSA/KSD.6/660/2019(4) തി. 11.06.2019 | 12 |
| 98-99 (Plan Fund) | KSA/KSD.6/660/2019(6) തി. 11.06.2019 | 6 |
| 99-00(Do) | KSA/KSD.6/660/2019(8) തി. 11.06.2019 | 1 |
| 00-01(Do) | LFKSD6/365/04/ Dated, 11.01.06 | 7 |
| 2001-02 (Do) | LFKSD6/359/04, Dated, 11.01.06 | 4 |
| 2000-01(Final) | LFKSD4/468/08, Dated, 16.9.2010 | 15 |
| 1999-00(Do) | KSA/KSD.6/660/2019(9) തി. 11.06.2019 | 9 |
| 98-99(Do) | KSA/KSD.6/660/2019(7) തി. 11.06.2019 | 9 |
| 2001-02(Do) | LFKSD4/196/12 Dated, 13.8.2012 | 6 |
| 2002-03 | LFKSD4/986/08, Dated, 9.09.09 | 10 |
| 2003-04 | LFKSD4/222/09 Dated, 13.07.10 | 8 |
| 2004-05 | LFKSD4/229/09 Dated, 26.08.10 | 10 |
| 2005-06 | LFKSD4/230/09/Dated,27.08.10 | 15 |
| 2006-07 | LFKSD4/406/09 Dated, 27.09.10 | 18 |
| 2007-08 | LFKSD4/362/12 Dated, 12.9.2012 | 8 |
| 2008-09 | LFKSD4/294/13 Dated, 22.3.2013 | 19 |
| 2009-10& 2010-11 | LFKSD4/125/13 Dated, 27.07.13 | 22 |
| 2011-12 | LFKSD8/388/16, Dated, 20.4.2016 | 17 |
| 2012-13& 2013-14 | LFKSD8/ 28/15, Dated, 17.2.2016 (FR) | 19 |
| 2014-15 | KSA-KSD6/664/2015 Dated 07.10.2016 | 14 |
| 2015-16 | KSA-KSD6/33/2017dated 15.12.2017 | 16 |
| 2016-17 | KSA-KSD6/732/2017dt. 02.02.2018 | 24 |
| 2017-18 | KSA-KSD 6/1383/2018 Dt. 25.7.2019 | 16 |
| 2018-19 | KSA-KSD 6/1101/2019 Dt. 09-01-2020 | 33 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2019-20

| Kumbla Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 9598662.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1992034.00 |
| 140000000 | Fee & User Charges | I-4(b) | 1260490.00 |
| 150000000 | Sale & Hire Charges | I-5(b) | 556241.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 94599312.00 |
| 171000000 | Interest Earned | I-8 | 522260.00 |
| 180000000 | Other Income | I-9 | 1193.00 |
| | **Total Income** | | **108530192.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 11800566.00 |
| 220000000 | Administrative Expenses | I-11(b) | 1752507.00 |
| 230000000 | Operations & Maintenance | I-12(b) | 3431303.00 |
| 240000000 | Interest & Finance Charges | I-13 | 536642.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3188842.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45429200.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 422109.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 291479.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 29103600.00 |
| 255000000 | Maintenance Projects | I-14(e) | 10502234.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 296400.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 459000.00 |
| | **Total Expenditure** | | **107213882.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1316310.00** |
| 280000000 | Prior Period Item | I-18 | -1062301.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **2378611.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം - 4

## റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2019-20

| Kumbla Grama Panchayat<br>RECEIPT & PAYMENT STATEMENT |
|---|
| For the period from 01-April-2019 to 31-March-2020 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 24934359.64 |
| Cash | Cash | RP-40(a) | 359478.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1808190.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 967482.00 |
| 150000000 | Sale & Hire Charges | RP-5 | 556241.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49608018.00 |
| 171000000 | Interest Earned | RP-9 | 522260.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8574399.00 |
| 340000000 | Deposits Received | RP-34 | 6468459.00 |
| 350000000 | Other Liabilities | RP-36 | 2755958.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1193.00 |
| 311000000 | Earmarked Funds | RP-29 | 148.00 |
| 330000000 | Secured Loans | RP-32 | 4672451.00 |
| 340000000 | Deposits Received | RP-34 | 68767.00 |
| 350000000 | Other Liabilities | RP-36 | 678344.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8382341.00 |
| | **Grand total** | | **110358588.64** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4123484.00 |
| 220000000 | Administrative Expenses | RP-12 | 1752507.00 |
| 230000000 | Operations & Maintenance | RP-13 | 2484034.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3188842.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24270453.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 422109.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 291479.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1364200.00 |
| 255000000 | Maintenance Projects | RP-20 | 10502234.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 296400.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 459000.00 |
| 280000000 | Prior Period item | RP-26 | -84523.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 99570.00 |
| 350000000 | Other Liabilities | RP-36 | 9728229.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 536642.00 |
| 280000000 | Prior Period Item | RP-26 | -17040.00 |
| 311000000 | Earmarked Funds | RP-29 | 118.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 41020.00 |
| 350000000 | Other Liabilities | RP-36 | 1497259.00 |
| 410000000 | Fixed Assets | RP-38 | 15683022.00 |
| 412000000 | Capital work in Progress | RP-40 | 1185454.00 |
| 440000000 | Pre-paid Expenses | RP-45 | 6550000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1167486.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 24734264.64 |
| Cash | Cash | RP-40(b) | 82345.00 |
| | **Grand Total** | | **110358588.64** |

## അനുബന്ധം - 5

## 31.03.2020 ലെ ബാലൻസ് ഷീറ്റ്

| Kumbla Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 33064574.27 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3849.00 |
| 312000000 | Reserves | B-3 | 51524964.00 |
| | **Total Reserve & Surplus** | | **84593387.27** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13673464.00 |
| | **Total Grants, Contributions for Specific Purposes** | | **13673464.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 14665882.00 |
| | **Total Loans** | | **14665882.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 6846008.00 |
| 350000000 | Other Liabilities | B-9 | 5521323.37 |
| | **Total Current Liabilities and Provisions** | | **12367331.37** |
| | **TOTAL LIABILITIES** | | **125300064.64** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 109944239.00 |
| 411000000 | Accumulated Depreciation | B-11 | -33839884.00 |
| 412000000 | Capital Work in Progress | B-11(a) | 2886961.00 |
| | **Total Fixed Assets** | | **78991316.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| | | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 5550122.00 |
| 440000000 | Pre-paid Expenses | B-16 | 13695882.00 |
| 450000000 | Cash and Bank Balance | B-17 | 24816609.64 |
| 460000000 | Loans, Advances and Deposits | B-18 | 2246135.00 |
| | **Total Current Assets, Loans and Advances** | | **46308748.64** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **125300064.64** |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്